
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 29 THE ONLINE OFFICIAL NEWS BULLETIN 2023 July 22

SEASON OF PENTECOST | പെന്തിക്കോസ്തികാലം | ܦܢܛܩܘܣܛܝ ܙܒܢܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
23 8th Sunday after Pentecost 24th Memorial of Geevarghese Mar Diascoros, Metropolitan (Ranni Holy Trinity Ashram) 86th Mem. of Fr. Noronah ♪7 	24 ♪3	25 Comme. of Mar Epiphanios ♪7	26 ♪3	27 Comme. of Mar Simeon the Stylite ♪7 	28 ♪3	29 ♪7





കോട്ടയം: കേരളമേകിയ അത്യപൂർവ യാത്രമൊഴി ഏറ്റുവാങ്ങി മടങ്ങിയ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇനി ജനകോടികളുടെ മനസ്സിൽ ജ്വലിക്കുന്ന ഓർമ. മൂന്നു ദിവസമായി കേരളത്തെയാകെ സങ്കടക്കടലിലാഴ്ത്തിയ പൊതുദർശനങ്ങൾക്കും സുദീർഘമായ വിലാപയാത്രയ്ക്കുമൊടുവിൽ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ പ്രത്യേകം തയാറാക്കിയ കല്ലറയിൽ കേരളത്തിന്റെ പ്രിയ നേതാവിന് അന്ത്യവിശ്രമം. തൊണ്ടയിടറുന്ന മുദ്രാവാക്യം വിളികൾക്കിടയിലൂടെയും വിലാപഗാനത്തിന്റെ അകമ്പടിയോടെയും പുതുപ്പള്ളി പള്ളിയിലെത്തിച്ച ഭൗതികദേഹത്തിൽ, അദ്ദേഹത്തിന്റെ മരണത്തിന്റെ മൂന്നാം ദിനം രാത്രി വൈകിയും അന്ത്യാഞ്ജലി അർപ്പിച്ചത് നൂറുകണക്കിന് ആളുകൾ. പ്രിയനേതാവിന്റെ മൃതദേഹം കല്ലറയിൽ വയ്ക്കുമ്പോഴും പ്രവർത്തകർ മുദ്രാവാക്യം വിളികളുമായി സജീവമായിരുന്നു.



എത്ര തിരക്കുണ്ടെങ്കിലും എല്ലാ ഞായറാഴ്ചയും മുടങ്ങാതെ എത്തിയിരുന്ന പുതുപ്പള്ളി പള്ളിയിലേക്കുള്ള ഉമ്മൻ ചാണ്ടിയുടെ അവസാന യാത്രയിൽ പതിനായിരങ്ങൾ നിറകണ്ണുകളോടെ ആംബുലൻസിനൊപ്പം നടന്നെത്തി. അവസാന ഘട്ടത്തിൽ രാഹുൽ ഗാന്ധിയും വിലാപയാത്രയുടെ ഭാഗമായി. ഇതിനു ശേഷമായിരുന്നു അവസാന ഘട്ട പൊതുദർശനം. തുടർന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയുടെ നേതൃത്വത്തിൽ നടത്തിയ അന്തിമ സംസ്കാര ശുശ്രൂകൾക്കു ശേഷമായിരുന്നു സംസ്കാരം.

ആയിരക്കണക്കിന് ആളുകളുടെ പരാതികൾക്ക് പരിഹാരം കണ്ട തറവാട്ടു വീട്ടിലും നിർമാണത്തിലിരിക്കുന്ന പുതിയ വീട്ടിലും പൊതുദർശനവും പ്രാർഥനയും കഴിഞ്ഞശേഷമാണ് പള്ളിയിലേക്കുള്ള വിലാപ യാത്ര ആരംഭിച്ചത്. അക്ഷരനഗരിയിൽ ജനലക്ഷങ്ങളുടെ സ്നേഹാദരങ്ങൾ ഏറ്റുവാങ്ങിയാണ് ഉമ്മൻ ചാണ്ടി തന്റെ സ്വന്തം പുതുപ്പള്ളിയിലെത്തിയത്. പ്രിയപ്പെട്ട തങ്ങളുടെ സ്വന്തം കുഞ്ഞൂഞ്ഞിനെ കാണാൻ പതിനായിരക്കണക്കിന് ആളുകളാണ് പുതുപ്പള്ളി ജംക്ഷനിലെത്തിയത്.

നേരത്തെ, പൊരിവെയിലിലും അണമുറിയാത്ത ജനപ്രവഹമാണ് കോട്ടയം തിരുനക്കര മൈതാനിയിലേക്ക് ഒഴുകിയെത്തിയത്. മുദ്രാവാക്യം വിളികളുമായി പതിനായിരങ്ങൾ പ്രിയ നേതാവിന് അന്ത്യാഞ്ജലി അർപ്പിക്കാൻ തിരുനക്കരയിലെത്തി. തിരുവനന്തപുരത്തെ പുതുപ്പള്ളി ഹൗസിൽനിന്ന് ആരംഭിച്ച്, 28 മണിക്കൂർ പിന്നിട്ടാണ് യാത്ര തിരുനക്കരയിൽ എത്തിയത്. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, ബംഗാൾ ഗവർണർ സി.വി.ആനന്ദബോസ്, കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ മന്ത്രിമാർ, രാഷ്ട്രീയ രംഗത്തെ മറ്റു പ്രമുഖർ, സിനിമാതാരങ്ങളടക്കം പതിനായിരക്കണക്കിന് ആളുകളാണ് അന്തിമോപചാരം അർപ്പിക്കാൻ ഇവിടെ എത്തിയത്.



കേരളം കണ്ട അദ്ഭുത പ്രതിഭാസം

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കേരളം കണ്ട അദ്ഭുത പ്രതിഭാസമാണ് ഉമ്മൻചാണ്ടി. 79 വർഷക്കാലത്തെ ഈലോക ജീവിതത്തിൽ 53 വർഷം പുതുപ്പള്ളി നിയോജക മണ്ഡലത്തിലെ ജനനായകനായി തുടർച്ചയായി പ്രവർത്തിക്കുവാൻ കഴിഞ്ഞു എന്നുള്ളത് ആ അദ്ഭുത പ്രതിഭാസത്തിന്റെ ഒരു ഭാഗമാണ്. രണ്ടാമത്, ഇത്രയധികം ജനസേവനവും ജനങ്ങളുടെ സ്നേഹവും കണ്ടെത്തിയ ഒരു ജനനായകനെ ഈ കേരള സമൂഹം ഇതുവരെ കണ്ടിട്ടില്ല.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരംഗമാകുന്നു ബഹുമാനപ്പെട്ട ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി എന്നു പറയുന്നത് മലങ്കരസഭയ്ക്ക് അഭിമാനമാണ്. രാഷ്ട്രീയ സാമൂഹിക പ്രവർത്തനങ്ങളിൽ സദാ ജാഗരൂകനായിരിക്കുന്ന സമയത്തും സഭയുടെ അനുഷ്ഠാനങ്ങളിൽ അണുവിട വിടാതെ ആചരിച്ച ഒരു നല്ല സഭാ വിശ്വാസിയാണ് അദ്ദേഹം. കൃത്യമായി നോമ്പ് എടുക്കുകയും ഉപവസിക്കുകയും ദിവസവും വേദപുസ്തകം വായിക്കുകയും ഞായറാഴ്ചകളിൽ ഒരു വിട്ടുവീഴ്ചയും ഇല്ലാതെ പള്ളികളിൽ തന്റെ തിരക്കുകളുടെ ബാഹുല്യത്തിലും സംബന്ധിക്കുകയും ചെയ്തിരുന്നു എന്നുള്ളത് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്ന ഒരു അനുഭവമാണ്.



രാഷ്ട്രീയ സാമൂഹിക പ്രവർത്തനങ്ങളിൽ സദാ ജാഗരൂകനായിരിക്കുന്ന സമയത്തും സഭയുടെ അനുഷ്ഠാനങ്ങളിൽ അണുവിട വിടാതെ ആചരിച്ച ഒരു നല്ല സഭാ വിശ്വാസിയാണ് അദ്ദേഹം. കൃത്യമായി നോമ്പ് എടുക്കുകയും ഉപവസിക്കുകയും ദിവസവും വേദപുസ്തകം വായിക്കുകയും ഞായറാഴ്ചകളിൽ ഒരു വിട്ടുവീഴ്ചയും ഇല്ലാതെ പള്ളികളിൽ തന്റെ തിരക്കുകളുടെ ബാഹുല്യത്തിലും സംബന്ധിക്കുകയും ചെയ്തിരുന്നു എന്നുള്ളത് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്ന ഒരു അനുഭവമാണ്.

ജനഹൃദയങ്ങളിൽ ഇത്രമാത്രം ഇടംകൊണ്ട ഒരു മനുഷ്യൻ വേറെ ഉണ്ടെന്ന് ആർക്കും പറയാനാവില്ല. യു.എൻ. പുരസ്ക്കാരം അദ്ദേഹത്തിന്റെ ജനസമ്പർക്ക പരിപാടിയുടെ അംഗീകാരമായി ലഭിച്ചതാണ്. പകരംവയ്ക്കാൻ മറ്റാരുമില്ലാത്ത ഒരു രാഷ്ട്രീയ നേതാവ് എന്നുള്ളത് ഉമ്മൻചാണ്ടിക്കു മാത്രം അവകാശപ്പെട്ടതാണ്. അദ്ദേഹത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വളരെയധികം കിണഞ്ഞു പരിശ്രമിക്കുമ്പോഴും, സ്വന്തം പാർട്ടിയിലോ പ്രതിപക്ഷത്തോ തന്നെ എതിർക്കുന്നവരോട് ഒരിക്കൽപോലും മുഖം കറുത്തു പറയാതെ സൗമ്യനായിട്ട് സ്നേഹഭാവത്തോടെ, പ്രതിപക്ഷ ബഹുമാനമെന്നത് അക്ഷരാർത്ഥത്തിൽ നിർവഹിച്ചുകൊണ്ട് ജീവിച്ച ഒരു കരുത്തനായ നേതാവാണ്.



സൗമ്യമായ അദ്ദേഹത്തിന്റെ ഇടപെടലും സഹോദരതുല്യമായ കരുതലും ലോകത്തിനെല്ലാം മാതൃകയാണ്. പാവപ്പെട്ടവരോടുള്ള അദ്ദേഹത്തിന്റെ ഹൃദയംഗമായ സ്നേഹവും താഴ്മയും പ്രവർത്തനവും ആരെയും അമ്പരപ്പിക്കുന്നതാണ്. ഏത് തിരക്കുള്ള സമയത്താണെങ്കിലും പാവപ്പെട്ട ആളുകളുടെ വീടുകൾ സന്ദർശിക്കാനും ദുഃഖിക്കുന്നവരുടെ ദുഃഖത്തിൽ പങ്കുകൊള്ളുവാനും അദ്ദേഹം സമയം കണ്ടെത്തി. അങ്ങനെ മനസ്സിന്റെ വലിയ ഒരു വികസനമുള്ള ഒരു മനുഷ്യനായിട്ടാണ് അദ്ദേഹത്തെ കാണുന്നത്.

സഹതാപമല്ല അല്ല അദ്ദേഹത്തിന് സഹാനുഭൂതിയാണുണ്ടായിരുന്നത്. മറ്റുള്ളവരുടെ വേദനകൾ അദ്ദേഹത്തിന്റെ വേദനകളായി അദ്ദേഹം മനസ്സിലാക്കി. അങ്ങനെ പ്രവർത്തിച്ചതുകൊണ്ട് കക്ഷിരാഷ്ട്രീയ മത വർഗ്ഗ വർണ്ണ വ്യത്യാസമെന്യേ എല്ലാവർക്കും ഉമ്മൻചാണ്ടി സ്വന്തം നേതാവാണ്. സ്വന്തം നായകനാണ്. അപ്രകാരം ഉയർന്നു വരുവാൻ അദ്ദേഹത്തിന് സാധിച്ചു. മതആചാരത്തോടു കൂടെയും ആത്മീയമായിരിക്കുന്ന ജീവിതശൈലിയോടു കൂടെയും രാഷ്ട്രീയത്തെ ഏറ്റവും ഉന്നതമായ ശ്രേണിയിൽ കൂടി കടത്തിക്കൊണ്ടുപോവാൻ കഴിയുമെന്ന് ലോകജനതയെത്തന്നെ പഠിപ്പിച്ച ഒരു നേതാവാണ് അദ്ദേഹം. അതുകൊണ്ടാണ് അദ്ദേഹം അമരനായി നിലകൊള്ളുമെന്ന് നമുക്ക് പറയാൻ കഴിയുന്നത്.

സമൂഹ വിഹായസ്സിൽ ഉയരുന്നതായ അപൂർവ്വ നക്ഷത്രങ്ങളിൽ അപൂർവ്വമായിരിക്കുന്ന ഒരു ഉജ്ജ്വല താരകമാണ് ഉമ്മൻചാണ്ടി എന്നു പറയുന്നതിന്

യാതൊരു സംശയവും ഇല്ല. അദ്ദേഹത്തെപ്പോലെയുള്ള അപൂർവ്വ താരകം ഇനിയും കേരള രാഷ്ട്രീയത്തിൽ ഉയർന്നു വരുവാൻ എത്രനാൾ കാത്തിരിക്കേണ്ടിയിരിക്കുന്നു എന്നതാണ് ഇന്നത്തെ ഒരു പ്രയാസം.

ഏതായിരുന്നാലും അദ്ദേഹം തനതായിരിക്കുന്ന, ശ്രേഷ്ഠമായിരിക്കുന്ന, മനുഷ്യത്വപരമായിരിക്കുന്ന ഒരു വലിയ നേതാവ് എന്നു തെളിയിച്ചുകൊണ്ട് ഉന്നതമായിരിക്കുന്ന ഒരു ഭാവം പുലർത്തുകയും ഒരു പാരമ്പര്യം നിലനിർത്തുകയും ചെയ്തു. ആ പാരമ്പര്യത്തിലേക്കു വരുവാനുള്ള വെല്ലുവിളികൾ ഈ സമൂഹത്തിനു നൽകിക്കൊണ്ട് കാലയവനികയ്ക്കുള്ളിൽ അദ്ദേഹം മറഞ്ഞിരിക്കുകയാണ്.



അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ വിലപിക്കുന്ന തായ കുടുംബാംഗങ്ങൾക്കു വേണ്ടി നമുക്ക് ദൈവസന്നിധിയിൽ പ്രാർത്ഥിക്കാം. ദൈവംതമ്പുരാൻ സ്വർഗ്ഗത്തിൽ മാലാഖമാരുടെയും വിശുദ്ധന്മാരുടെയും കൂട്ടത്തിൽ അദ്ദേഹത്തിന് അന്ത്യവിശ്രമവും ദൈവസന്നിധിയിൽ ആരാധനയും നടത്തുവാനുള്ള കൃപയും നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു. എല്ലാ ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങൾക്കും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പേരിലുള്ള എല്ലാ പ്രാർത്ഥനകളും അർപ്പിക്കുന്നു.

* * * * * * * * * * * * *

അസാന്നിദ്ധ്യം ശ്രദ്ധിക്കപ്പെടുന്നു.......

എങ്ങും ഒരു ശൂന്യത രൂപപ്പെടുന്നു. ഉമ്മൻചാണ്ടിയില്ലാത്ത പുതുപ്പള്ളി, ഉമ്മൻ ചാണ്ടിയില്ലാത്ത കേരള നിയമസഭ, ഉമ്മൻ ചാണ്ടിയില്ലാത്ത ഇന്ത്യൻ നാഷണൽ കോൺഗ്രസ്, അദ്ദേഹമില്ലാത്ത ഒരു കേരളം...

മനസ്സ് പൊരുത്തപ്പെടുവാൻ ഇനിയും സമയമെടുക്കും. അദ്ദേഹത്തിന്റെ അസാന്നിധ്യം ഇനി മുതൽ ശ്രദ്ധിക്കപ്പെടും. അദ്ദേഹത്തെ ഒരു നോക്ക് കാണുവാൻ വെമ്പൽകൊണ്ടവർ, ശാരീരിക പ്രയാസങ്ങൾ നിമിത്തം എത്തിച്ചേരുവാൻ കഴിയാത്തതിന്റെ വിങ്ങലുമായി ഭവനത്തിലിരുന്ന് ചാനലുകളിലൂടെ ദർശിച്ച് സായൂജ്യമടഞ്ഞവർ – ഒരുപക്ഷേ നേരിട്ട് കണ്ടവരെക്കാൾ കൂടുതൽ അവരായിരിക്കണം. അദ്ദേഹത്തെ ഏറെ സ്നേഹിച്ചു നെഞ്ചിലേറ്റിയവർ – ജനലക്ഷങ്ങൾ ഒരു നോക്ക് കണ്ട് തങ്ങളുടെ വീരനായകന് യാത്രാമൊഴി നേരുന്ന അവിസ്മരണീയ നിമിഷങ്ങൾ. ദൈവോന്മുഖവും മനുഷ്യോന്മുഖവുമായ പ്രവർത്തനത്തിന് കിട്ടിയ അംഗീകാരം. ജനാധിപത്യത്തിൽ ഒരു നേതാവിന് കിട്ടാവുന്ന പരമോന്നത ബഹുമതി. ഔദ്യോഗിക ബഹുമതികൾക്കപ്പുറം വാനോളം എത്തുന്ന ജനസഞ്ചയത്തിന്റെ കണ്ണീരിൽ കുതിർന്ന ആരവം. ഉമ്മൻചാണ്ടി എന്ന അദ്ഭുത പ്രതിഭാസത്തിന്റെ മുമ്പിൽ ലോകം ആദരം സമർപ്പിച്ച മഹനീയ ദിനം.

ഒരിക്കലും പങ്കെടുക്കുവാൻ കഴിയാത്ത സാഹചര്യം ആയിരുന്നിട്ടും സംസ്ക്കാര ശുശ്രൂഷകളിൽ ഭാഗഭാക്കാകുവാൻ ലഭിച്ച അവസരം ദൈവനിയോഗമായി കാണുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അഭിമാനിക്കുന്നു പ്രിയ പുത്രനെക്കുറിച്ച്. ആത്മാവിന് ദൈവം നിത്യാശ്വാസം നൽകട്ടെ..

* * * * * * * * * * * * *

ഉമ്മൻചാണ്ടിയിൽ മൂറോൻ തൈലം പുരട്ടുമ്പോൾ ഞാൻ ഓർത്തുപോയത് കർത്താവിന്റെ ശിഷ്യന്മാരിലൊരാളായ പൗലോസ് ശ്ലീഹായെയാണ്. മറ്റുള്ളവരുടെ വേദന സ്വന്തം വേദനയാക്കിയവരായിരുന്നു ഇരുവരും. ക്രിസ്തുവിനു വേണ്ടി പൗലോസ് ശ്ലീഹാ കഷ്ടപ്പെട്ടപോലെ ഉമ്മൻചാണ്ടി സമൂഹത്തിനു വേണ്ടി കഷ്ടപ്പെട്ടു.

ഉമ്മൻചാണ്ടിയുടെ അന്ത്യശുശ്രൂഷാ നിമിഷങ്ങൾ എന്നെ ബൈബിളിലെ തിമോത്തിയോസിന്റെ വചനങ്ങൾ കൂടി ഓർമ്മിപ്പിച്ചു. അത് ഉമ്മൻചാണ്ടി പറയുന്നതുപോലെ തോന്നി:

"ഞാൻ ബലിയായി അർപ്പിക്കപ്പെടേണ്ട സമയം ആസന്നമായിരിക്കുന്നു. എന്റെ വേർപാടിന്റെ സമയം സമാഗതമായി. ഞാൻ നന്നായി പൊരുതി. വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവം വിധിക്കുന്ന കർത്താവ്, ആ ദിവസം അത് എനിക്ക് സമ്മാനിക്കും."

ഉമ്മൻചാണ്ടിയെ ഞാൻ കാണുന്നത് കോളജ് പഠനകാലത്താണ്. എന്റെ വിദ്യാഭ്യാസം സി.എം.എസ്. കോളജിലായിരുന്നു. ചങ്ങനാശ്ശേരി എസ്.ബി. കോളജിലായിരുന്നു അന്ന് ഉമ്മൻചാണ്ടി. 1971–ൽ എന്റെ വിദ്യാഭ്യാസം തീരുമ്പോഴേക്കും അദ്ദേഹം പുതുപ്പള്ളിയിൽ നിന്ന് ജയിച്ച് എം.എൽ.എ. പദവിയിലെത്തിയിരുന്നു.

വ്യക്തിപരമായ അടുപ്പം തുടങ്ങിയത് ഉമ്മൻചാണ്ടി സഭാകാര്യങ്ങളിൽ തത്പരനായ ശേഷമാണ്. ഭക്തിയായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ സവിശേഷത. ദൈവാശ്രയമായിരുന്നു എക്കാലവും തന്നെ തുണയ്ക്കുന്നതെന്നും ഉമ്മൻ ചാണ്ടി വിശ്വസിച്ചു.

എത്ര തിരക്കുണ്ടെങ്കിലും ഞായറാഴ്ചകളിൽ പുതുപ്പള്ളി പള്ളിയിൽ വരുന്നത് ഒഴിവാക്കാറില്ല. അത് അത്ര ചെറിയ കാര്യമല്ല.

നല്ല സഭാജീവിതം നയിച്ച ഒരാളുമായിരുന്നു അദ്ദേഹം. വേദപുസ്തകം വായിക്കുകയും നോമ്പെടുക്കുകയും പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്യാൻ ശ്രദ്ധിച്ചു. മറ്റുള്ളവരെ സ്നേഹിക്കാനും അവർക്കുവേണ്ടി പ്രവർത്തിക്കാനും കഴിഞ്ഞത് ഒരുപക്ഷേ, ഈ ഭക്തിമാർഗം കൊണ്ടായിരിക്കാം.

രണ്ടു വർഷം മുമ്പ് കാലംചെയ്ത ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയന്റെ ശവസംസ്ക്കാര ശുശ്രൂഷയിലും പിന്നീട് അദ്ദേഹത്തിന്റെ നാല്പതാം ദിവസ ആരാധനയിലും കുർബാനയിലുമൊക്കെ പങ്കുകൊണ്ട ഉമ്മൻചാണ്ടിയെയും ഓർക്കുന്നു.

ഉമ്മൻചാണ്ടിക്ക് പാവപ്പെട്ടവരോടുള്ള കരുണയ്ക്കും സ്നേഹത്തിനും കിട്ടിയ പ്രതിഫലമായിരുന്നു കഴിഞ്ഞ ദിവസങ്ങളിൽ നമ്മൾ കണ്ടത്. വിശ്വാസിയായിരിക്കുമ്പോഴും ജാതിമതഭേദമെന്യേയുള്ള വിശ്വസാഹോദര്യ വീക്ഷണമാണ് ഞാൻ അദ്ദേഹത്തിൽ ദർശിച്ച ഏറ്റവും വലിയ പ്രത്യേകത. രാഷ്ട്രീയമായി എതിർപ്പുള്ളവരെപ്പോലും സ്നേഹിക്കാനും അവരെ ഉൾക്കൊള്ളാനും അദ്ദേഹത്തിന് സാധിച്ചത് ഈ 'ഗ്ലോബൽ ബ്രദർഹുഡ്' കാഴ്ച്ചപ്പാടു കൊണ്ടാണ്. ഒരുപാട് വിവാഹച്ചടങ്ങുകളിലും മരണാനന്തരച്ചടങ്ങുകളിലും ഞങ്ങൾ ഒരുമിച്ച് കണ്ടിട്ടുണ്ട്. പുതുപ്പള്ളിയിലെ ഏതു ചടങ്ങിനും അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ടായി. എങ്ങനെ ഇത് സാധിക്കുന്നുവെന്ന് ഞാൻ അതിശയിച്ചിട്ടുണ്ട്.


കുടിലിലും കൊട്ടാരത്തിലും ഉമ്മൻ ചാണ്ടിയെത്തി. ഇന്നലെ അദ്ദേഹത്തെ കാണാൻ വന്നവരിലുമുണ്ടായിരുന്നു ഇങ്ങനെ എല്ലാത്തരത്തിലുംപെട്ടവർ. അതു തന്നെയാണ് ഒരു ജനസേവകന് കിട്ടാവുന്ന വലിയ അന്ത്യ ശുശ്രൂഷയും.

(ആദ്യ ഭാഗം പ. പിതാവിന്റെ വീഡിയോ സന്ദേശവും രണ്ടാം ഭാഗം ഫെയിസ്ബുക്കിൽ ജൂലൈ 21–ന് കുറിച്ചതും മൂന്നാം ഭാഗം മാതൃഭൂമി പത്രത്തിൽ ജൂലൈ 21–ന് എഴുതിയ ലേഖനവുമാണ്.)

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

യാത്രയാകുന്നത് ജനങ്ങളുടെ നായകൻ



തിരുവനന്തപുരം: ജനനായകൻ ഇനി ഓർമ. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി (79) അന്തരിച്ചു. അർബുദത്തിന് ചികിത്സയിലിരിക്കെ ബെംഗളൂരുവിലെ ആശുപത്രിയിൽ ജൂലൈ 18 പുലർച്ചെ 4.25 നായിരുന്നു ഉമ്മൻ ചാണ്ടിയുടെ അന്ത്യം. ഉമ്മൻ ചാണ്ടിയുടെ ഭൗതിക ശരീരം പ്രത്യേക വിമാനത്തിൽ ബെംഗളൂരുവിൽ നിന്നും തിരുവനന്തപുരത്ത് എത്തിച്ചു. പുതുപ്പള്ളി ഹൗസിലും കെപിസിസി ആസ്ഥാനത്തും ദർബാർ ഹാളിലും പൊതുദർശനമുണ്ടായിരുന്നു.

അര നൂറ്റാണ്ടിലേറെ നിയമസഭാംഗമായിരുന്ന ഉമ്മൻചാണ്ടിയുടെ പേരിലാണ് ഏറ്റവും കൂടുതൽ കാലം നിയമസഭാ സാമാജികനായിരുന്നതിന്റെ റെക്കോർഡ്. 1970 മുതൽ 2021 വരെ പുതുപ്പള്ളിയിൽ നിന്നു തുടർച്ചയായി പന്ത്രണ്ട് തവണയാണ് നിയമസഭയിലെത്തിയത്. രണ്ടു തവണയായി ഏഴു വർഷം മുഖ്യമന്ത്രിയായിരുന്നു. തൊഴിൽ, ആഭ്യന്തരം, ധനകാര്യം എന്നീ വകുപ്പുകളുടെ മന്ത്രിയായും പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ കോൺഗ്രസ് പ്രവർത്തക സമിതി അംഗവും എഐസിസി ജനറൽ സെക്രട്ടറിയുമാണ്.

ഭാര്യ: കനറാ ബാങ്ക് മുൻ ഉദ്യോഗസ്ഥ മറിയാമ്മ. മക്കൾ: മറിയം ഉമ്മൻ, അച്ചു ഉമ്മൻ, ചാണ്ടി ഉമ്മൻ.

1943 ഒക്ടോബർ 31-ന് പുതുപ്പള്ളി കരോട്ട് വള്ളക്കാലിൽ കെ. ഒ. ചാണ്ടിയുടെയും ബേബി ചാണ്ടിയുടെയും മകനായി കോട്ടയം ജില്ലയിലെ കുമരകത്താണ് ഉമ്മൻചാണ്ടി ജനിച്ചത്. മുത്തച്ഛൻ വി. ജെ. ഉമ്മൻ തിരുവിതാംകൂറിലെ ആദ്യ നിയമസഭയായ ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായിരുന്നു. പുതുപ്പള്ളി എംഡി സ്കൂൾ, സെന്റ് ജോർജ് ഹൈസ്കൂൾ, കോട്ടയം സിഎംഎസ്. കോളജ്, ചങ്ങനാശേരി എസ്ബി കോളജ്, എറണാകുളം ലോ കോളജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം.

സ്കൂൾകാലത്ത് അഖിലകേരള ബാലജനസഖ്യത്തിന്റെ സംസ്ഥാന പ്രസിഡന്റായിരുന്നു. അക്കാലത്തു തന്നെ കെഎസ്‌യുവിലൂടെ സംഘടനാ പ്രവർത്തനമാരംഭിച്ചു. 1962-ൽ കെഎസ്‌യു കോട്ടയം ജില്ലാ സെക്രട്ടറിയായി. 1965-ൽ സംസ്ഥാന ജനറൽ സെക്രട്ടറിയും 1967 ൽ സംസ്ഥാന പ്രസിഡന്റുമായി. 1969-ൽ യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

1970-ൽ, 27-ാം വയസ്സിൽ പുതുപ്പള്ളിയിൽനിന്ന് ആദ്യമായി നിയമസഭയിലെത്തി. സിപിഎമ്മിന്റെ സിറ്റിങ് സീറ്റായിരുന്ന പുതുപ്പള്ളിയിൽ അന്നത്തെ ഇടതുപക്ഷ എംഎൽഎ യും ഓർത്തഡോക്സ് സഭാംഗവുമായിരുന്ന ഇ. എം. ജോർജിനെയാണ് പരാജയപ്പെടുത്തിയത്. പിന്നീട് ഇന്നുവരെ ഉമ്മൻ ചാണ്ടി പുതുപ്പള്ളി മണ്ഡലത്തിൽ അജയ്യനായി തുടർന്നു. 1977-ൽ ആദ്യ കരുണാകരൻ മന്ത്രിസഭയിൽ തൊഴിൽ മന്ത്രിയായി. 82-ൽ ആഭ്യന്തരമന്ത്രിയും 91-ൽ ധനമന്ത്രിയുമായി. 1982 മുതൽ 86 വരെയും 2001 മുതൽ 2004 വരെയും യുഡിഎഫ് കൺവീനറായിരുന്നു. 2004 ൽ എ. കെ. ആന്റണി മുഖ്യമന്ത്രിസ്ഥാനം രാജി വച്ചതിനെത്തുടർന്ന് ആദ്യമായി മുഖ്യമന്ത്രിയായ ഉമ്മൻ ചാണ്ടി 2011-ൽ വീണ്ടും മുഖ്യമന്ത്രിപദത്തിലെത്തി. 2006 മുതൽ 2011 വരെ പ്രതിപക്ഷ നേതാവുമായിരുന്നു.

തന്ത്രജ്ഞനായ രാഷ്ട്രീയക്കാരനെന്ന് അനുയായികളും എതിരാളികളും ഒരുപോലെ വിശേഷിപ്പിക്കുമ്പോഴും ജനങ്ങൾക്കിടയിൽ ജീവിക്കുന്ന നേതാവ് എന്നു വിളിക്കപ്പെടാനായിരുന്നു ഉമ്മൻചാണ്ടിക്ക് ഇഷ്ടം. രാഷ്ട്രീയ വ്യത്യാസമില്ലാതെ ആർക്കും ഏതുനേരത്തും സമീപിക്കാവുന്ന നേതാവായിരുന്നു അദ്ദേഹം. രാഷ്ട്രീയ വിവാദങ്ങളുടെയും ആരോപണങ്ങളുടെയും കൊടുങ്കാറ്റുകളിലും അദ്ദേഹത്തെ ഉലയാതെ നിർത്തിയത് ജനപിന്തുണയിലുള്ള വിശ്വാസമായിരുന്നു.

ജനങ്ങളാണ് തന്റെ പ്രഥമപരിഗണനയെന്ന് ആവർത്തിച്ചിരുന്നതിന്റെ പ്രത്യക്ഷ തെളിവായിരുന്നു മുഖ്യമന്ത്രിയായിരിക്കെ അദ്ദേഹം ആവിഷ്കരിച്ച ജനസമ്പർക്ക പരിപാടി. അതിനുള്ള അംഗീകാരമായി യുഎന്നിന്റെ പുരസ്കാരവുമെത്തി. വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം എന്നിവയടക്കമുള്ള വികസന പദ്ധതികളിലും ഉമ്മൻ ചാണ്ടിയുടെ കയ്യൊപ്പുണ്ട്.

ചുവപ്പുനാടകൾ മാറ്റിയെഴുതി ജനസമ്പർക്കം; മാറ്റിയെടുത്തത് 57 ജനദ്രോഹ ചട്ടങ്ങൾ

തിരുവനന്തപുരം: ഇടുക്കിയിൽ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മുന്നിലെത്തിയ ഒരു പെൺകുട്ടിയുടെ ചോദ്യമാണ് പിന്നീട്, സർക്കാർ വർഷങ്ങളായി തുടർന്നുവന്ന ഒരു ചട്ടം മാറ്റാൻ കാരണമായത്. അച്ഛനു പിന്നാലെ അമ്മ കൂടി മരിച്ചതാണോ താൻ ചെയ്ത തെറ്റ് എന്നായിരുന്നു ആ പെൺകുട്ടിയുടെ ചോദ്യം. പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കു വിവാഹ ധനസഹായം നൽകുന്ന പദ്ധതിയിൽ അച്ഛനും അമ്മയും മരിച്ചുപോയ പാവപ്പെട്ട പെൺകുട്ടികൾക്ക് സഹായം ലഭിക്കുമായിരുന്നില്ല. ആ പെൺകുട്ടി വിവാഹസഹായത്തിന് കയറിയിറങ്ങാത്ത സർക്കാർ ഓഫിസുകളുമുണ്ടായിരുന്നില്ല.

ആ ചോദ്യത്തിന്, തൊട്ടടുത്ത ദിവസം ചേർന്ന മന്ത്രിസഭാ യോഗത്തിൽ ഉമ്മൻചാണ്ടി ഉത്തരം കണ്ടെത്തി. പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കു വിവാഹ ധനസഹായം നൽകുന്ന പദ്ധതി മാതാപിതാക്കൾ മരിച്ച പാവപ്പെട്ട പെൺകുട്ടികൾക്കു കൂടി നടപ്പാക്കാൻ മന്ത്രിസഭ തീരുമാനിച്ചു. ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിക്കുശേഷം ഇത്തരത്തിൽ ഇറങ്ങിയത് 45 ഉത്തരവുകളാണ്. എല്ലാം സാധാരണക്കാരനു ലഭിക്കേണ്ട സഹായങ്ങൾ ചുവപ്പുനാടയിൽ കുരുക്കിയിട്ട വ്യവസ്ഥകൾ പൊളിച്ചെഴുതിയ ഉത്തരവുകൾ.

മുന്നിലെത്തുന്നവരോട് ഒന്നും പറ്റില്ലെന്നു പറഞ്ഞ് ഉമ്മൻചാണ്ടി തിരിച്ചയയ്ക്കാറില്ല. ആ കാര്യം നടത്തിക്കൊടുക്കാൻ നിയമപരമായി എന്തുചെയ്യാൻ കഴിയുമെന്നു നോക്കും. നിയമത്തെ മറികടന്നല്ല, മുട്ടാപ്പോക്കായി നിൽക്കുന്ന നിയമക്കുരുക്കുകൾ മറികടക്കാൻ നിയമവും ചട്ടവും മാറ്റിയെഴുതി അതു നടപ്പാക്കും. ആ ശീലമാണ് ജനസമ്പർക്കത്തിലേക്ക് എത്തിച്ചത്.

രണ്ടാം ഘട്ട ജനസമ്പർക്കവും പൂർത്തിയാക്കിയപ്പോൾ 57 ഉത്തരവുകളാണ് ഇത്തരത്തിൽ പുറത്തിറങ്ങിയത്.

വിടവാങ്ങുന്നത് സമാനതകൾ ഇല്ലാത്ത നേതാവ്

ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ



വളരെ ദുഃഖത്തോടെയാണ് ഉമ്മൻചാണ്ടിയുടെ വേർപാട് ശ്രവിച്ചത്. ശാരീരിക ബുദ്ധിമുട്ടുകൾ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു എങ്കിലും വിയോഗവാർത്ത ഇത്ര വേഗം കേൾക്കും എന്ന് ആരും കരുതി കാണുവാൻ ഇടയില്ല. അത്രമാത്രം ജനമനസിൽ ഇടം നേടിയ ജനനായകനാണ് ഇന്ന് വിടപറഞ്ഞത്. ഒരു പക്ഷെ ഒരാൾക്ക് നേതാവോ, മുഖ്യമന്ത്രിയോ ആകാമായിരിക്കാം. എന്നാൽ ജനങ്ങളുടെ മനസ്സിൽ ജനനായകനായി ജീവിക്കുവാൻ കഴിയുക എന്നത് ഉമ്മൻചാണ്ടിയെ പോലെയുള്ള ചില അപൂർവ്വ ജന്മങ്ങൾക്ക് മാത്രം ലഭിക്കുന്ന സ്ഥാനമാണ്. ആ സ്ഥാനം അവസാന നിമിഷം വരെ സൂക്ഷിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാർഹനായ അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനിയുമായും ചെങ്ങന്നൂർ ഭദ്രാസനവുമായും അദ്ദേഹത്തിന് വളരെ അടുത്ത ബന്ധവും കരുതലും ഉണ്ടായിരുന്നു. അഭി. തിരുമനസുകൊണ്ടു ആവശ്യപ്പെടുന്ന കാര്യങ്ങൾക്ക് അന്നും അതിനുശേഷവും നൽകിയ പിൻതുണ നന്ദിയോടെ സ്മരിക്കുന്നു. വള്ളക്കാലി കുടുംബവുമായുള്ള ബന്ധത്തിൽ, പുതുപ്പള്ളി കഴിഞ്ഞാൽ ഒരു പക്ഷെ അദ്ദേഹത്തിന് അടുപ്പം ചെങ്ങന്നൂരിനോടാണ് എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.


വിമർശനങ്ങളെ സൗമ്യതയോടും പക്വതയോടും പുഞ്ചിരിയോടും കൂടെ നേരിട്ട നേതാവ് ആയിരുന്നു അദ്ദേഹം. ഉമ്മൻചാണ്ടിയെ ഓർക്കുമ്പോൾ ആൾക്കൂട്ടങ്ങളുടെ നടുവിൽ നിൽക്കുന്ന ചിത്രമാണ് മനസിൽ ആദ്യം ഓടിയെത്തുന്നത്. ആൾക്കൂട്ടത്തെ ഭയക്കാതെ അവരിൽ ഒരാളായി ജനങ്ങളുടെ നടുവിലേക്ക് ഇറങ്ങിച്ചെന്ന മുഖ്യമന്ത്രി വേറെ ഉണ്ടായിട്ടില്ല എന്ന് വേണം പറയാൻ. കേരളത്തിന്റെ സർവ്വോന്മുഖമായ വികസനത്തിന് ചുക്കാൻ പിടിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. മലങ്കര ഓർത്തഡോക്സ് സഭാ അംഗം എന്ന നിലയിൽ പരിശുദ്ധ സഭയോടും, പുതുപ്പള്ളി പള്ളിയോടും അദ്ദേഹത്തിന്റെ സ്നേഹവും, ആദരവും ശ്രദ്ധേയമാണ്. ആഢംബരമോ, അകമ്പടി വാഹനങ്ങളുടെ ആരവമോ ഇല്ലാതെ നമ്മളിൽ ഒരാളായി ജീവിച്ച കേരളത്തിന്റെ മുൻ മുഖ്യമന്ത്രിക്ക്, ബഹു. ശ്രീ. ഉമ്മൻചാണ്ടിക്ക് ആദരവോടെ വിട. നാടിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു. നമ്മുടെയും, ചെങ്ങന്നൂർ ഭദ്രാസനത്തിന്റെയും ആദരാഞ്ജലികൾ സമർപ്പിക്കുന്നു. ആത്മാവിന് നിത്യ ശാന്തി നേരുന്നു. ദൈവംതമ്പുരാൻ ഇമ്പങ്ങളുടെ പറുദീസയിൽ ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



തോമസ് മാർ അത്താനാസ്യോസിനോടൊപ്പം ചെങ്ങന്നൂർ ബഥേൽ അരമനയിൽ.



പ. പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവാ, സഖറിയാ മാർ അന്തോണിയോസ് എന്നിവരോടൊപ്പം.



എന്റെ കൂട്ടുകാരൻ കുഞ്ഞൂഞ്ഞ്

ജോസഫ് മാർ ബർന്നബാസ്
സഫ്രഗൻ മെത്രാപ്പോലീത്താ

ഏഴ് ദശാബ്ദങ്ങളിൽ നിറഞ്ഞൊഴുകിയ സ്നേഹം അതാണ് എനിക്ക് പ്രിയ കുഞ്ഞൂഞ്ഞ്. ബലജനസഖ്യത്തിൻ ജന്മം കൊണ്ട ആ സ്നേഹ നദി പിന്നീട് മലയാളക്കരയാകെ നനയ്ക്കുന്ന കരുതലിന്റെയും വിശ്വാസത്തിന്റെയും കാരുണ്യത്തിന്റെയും അത്ഭുത പ്രവാഹമായി ഒഴുകിയപ്പോഴും കുഞ്ഞൂഞ്ഞിന്റെ ഹൃദയത്തിൽ ഒരിടം എനിക്കായി എപ്പോഴും ഒഴിച്ചിട്ടിരുന്നു. ഏതു തിരക്കിന്റെയും ഏതു ആനന്ദത്തിന്റെയും ഏത് നൊമ്പരത്തിന്റെയും ഏത് പദവിയുടെയും മുഹൂർത്തങ്ങളിലും ആ ഇടത്തിൽ നിറഞ്ഞ സന്തോഷത്തോടെ ഒരു ഇരിപ്പിടം എനിക്ക് ഒരുക്കിയിട്ടിരുന്നു.

എല്ലാവർക്കും തങ്ങളുടെ ഭാരങ്ങളുടെ ഭാണ്ഡങ്ങൾ അഴിച്ചു വയ്ക്കാവുന്ന പുതുപ്പള്ളി പള്ളിയുടെ നടുമുറ്റത്ത് വളർന്നതു കൊണ്ടാവും കുഞ്ഞൂഞ്ഞിന്റെ ജീവിതവും ഒരു ദേവാലയം പോലെ ജനങ്ങളുടെ നൊമ്പരങ്ങൾ ഉയരുന്ന നിവേദനത്തിന്റെ പ്രാർത്ഥനകൾ ഉണരുന്ന ഒരു തിരുസന്നിധി പോലെ നിറഞ്ഞു നിന്നത്. ദേശത്തിന്റെയും ജനതയുടെയും സങ്കടങ്ങൾ ഭക്ഷിച്ചും കണ്ണുനീരിനെ തെളിനീർ ഉറവയായി പാനം ചെയ്തും തന്റെ ദാഹവും വിശപ്പുമെല്ലാം പരിഹരിച്ചു. തന്റെ സ്വകാര്യ കാര്യങ്ങൾക്ക് പരിഹാരം കാണുവാൻ കഴിയാത്തത് മാത്രമേ കുഞ്ഞൂഞ്ഞിന് എന്നും അസാധ്യമായി ഉണ്ടായിരുന്നുള്ളൂ. ആ ചരിത്രം രോഗ കാര്യത്തിലും മാറ്റം പാലിച്ചു കൊണ്ടാണ് കുഞ്ഞൂഞ്ഞ് യാത്രയാകുന്നത്.

പുരുഷാരത്തിന്റെ മധ്യത്തിലെ നിൽപ്പിലും, കല്ലേറിനു മുൻപിലെ പുഞ്ചിരിയിലും, 'ഇപ്പോൾ ക്രൂശിക്ക' എന്ന ആരവങ്ങളുടെ മധ്യത്തിലെ മന്ദഹാസത്തിലും , 'കൂട്ടുവാൻ വല്ലതും ഉണ്ടോ' എന്ന ചോദ്യം മുഴക്കിയ ജനസമ്പർക്ക യാത്രയിലും എല്ലാം കുഞ്ഞൂഞ്ഞ് പലപോഴും എന്നെ യേശുവിനെ ഓർമ്മിപ്പിച്ചിട്ടുണ്ട്.

കുഞ്ഞൂഞ്ഞ് പോകുമ്പോൾ ഹൃദയത്തിന്റെ കോണിൽ എവിടെയോ ഒരു ചെറിയ നീറ്റൽ അനുഭവപ്പെടുന്നുണ്ട് അത് കേരളക്കരയുടെ ഹൃദയത്തിൽ വീണ ശൂന്യതയുടെ നോവാണ്. ആ ശൂന്യതയെ നാം എന്നും ഉമ്മൻ ചാണ്ടീ ....എന്ന് നീട്ടി വിളിക്കും.

ദാനിയേൽ പ്രവാചകൻ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു 'ആകയാൽ ബുദ്ധിമാൻമാർ ആകാശ മണ്ഡലത്തിലെ പ്രഭ പോലെയും പലരെയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെ പോലെയും എന്നും എന്നേക്കും ശോഭിക്കും'. കേരളം കൺകുളിർക്കെ കണ്ട ആ നക്ഷത്രം ആകാശ മണ്ഡലത്തിൽ പ്രഭ ചൊരിയുന്ന നക്ഷത്രമായിരിക്കുന്നു. കുഞ്ഞൂഞ്ഞ് കൂടുതൽ ജനകീയനായിരിക്കുന്നു ... തല ഉയർത്തി ആകാശത്തിലേക്ക് നോക്കുന്ന ആർക്കും കാണാവുന്ന ഒരു നക്ഷത്രത്തോളം

വിശ്രമിക്കാൻ പറയുന്നില്ല കുഞ്ഞൂഞ്ഞേ ... പ്രകാശിച്ചു കൊണ്ടിരിക്ക സ്മൃതിയിലും ... മൃതിയിലും .

കേരളം കണ്ട ഏറ്റവും ജനപ്രിയനായ മുഖ്യമന്ത്രി

ഡോ. ബീന ഉമ്മൻ

ഞാൻ പ്രൈമറി സ്കൂളിൽ പഠിക്കുന്ന കാലത്താണ് ഉമ്മൻ ചാണ്ടി സാർ ആദ്യമായി മന്ത്രിയായത്. അക്കാലത്ത് മാവേലിക്കര ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ നടത്തപ്പെട്ട ഒരു മീറ്റിംഗിൽ വച്ച് സ്റ്റേജിൽ പ്രസംഗിക്കുന്ന ഒരു യുവ നേതാവിന്റെ മുഖമാണ് ആദ്യം ഓർമ്മയിൽ വരുന്നത്. അന്ന് ദൂരെ നിന്നുകൊണ്ട് കണ്ടതിനു ശേഷം വർഷങ്ങൾക്ക് ശേഷം 1992-ൽ അദ്ദേഹത്തെ ഏറ്റവും അടുത്ത് കാണാനുള്ള ഒരു സാഹചര്യം ഉണ്ടായി.

അന്ന് ഞാൻ പത്തനംതിട്ട ജില്ലയിൽ കുളനട എന്ന സ്ഥലത്ത് Medical Trust Hospital ൽ ജോലി ചെയ്യുന്ന സമയം. ഒരു നട്ടുച്ചയ്ക്ക് ഞാൻ റോഡിനരികിലൂടെ നടന്നു പോവുകയായിരുന്നു. എന്നോടൊപ്പം അന്ന് 2 വയസ്സുള്ള എന്റെ മോളും ഞങ്ങൾക്ക് കൂട്ടായുണ്ടായിരുന്ന അമ്മച്ചിയും കൂടെ ഉണ്ടായിരുന്നു. ഞങ്ങളുടെ തൊട്ടു മുന്നിലായിട്ടാണ് റോഡിലൂടെ പാഞ്ഞു പോയ ഒരു കാറും എതിരെ വന്ന ഒരു ടെമ്പോയും തമ്മിൽ കൂട്ടിയിടി ഉണ്ടായത്. ആളുകൾ ഓടി കൂടി, കാറിലുണ്ടായിരുന്നവരെ വലിച്ചു പുറത്തെടുത്ത് തൊട്ടടുത്ത ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതു കണ്ടു. കൂടെയുണ്ടായിരുന്ന അമ്മച്ചിയേയും മോളേയും അടുത്ത വീട്ടിൽ കൊണ്ടിരുത്തിയിട്ട് ഞാൻ ഹോസ്പിറ്റലിലേക്ക് ചെന്നു. ഞാൻ ഡ്യൂട്ടി റൂമിലെത്തുമ്പോൾ കണ്ടത് കയ്യിൽ ഒരു sling ഇട്ടുകൊണ്ട് ഉമ്മൻ ചാണ്ടി സാർ ഒരു couch ൽ ഇരിക്കുകയാണ്. അപ്പോഴാണ് മനസ്സിലായത് ആക്സിഡന്റ് ഉണ്ടായത് മന്ത്രിയുടെ വാഹനത്തിനാണെന്ന്. ഞാൻ എന്തു ചെയ്യണം എന്നറിയാതെ സാറിന് നേരെ നോക്കി. അദ്ദേഹം വളരെ സൗമ്യനായി എന്നോട് പറഞ്ഞു, 'എനിക്ക് കുഴപ്പമില്ല, അടുത്ത റൂമിൽ ഡ്രൈവർ പരിക്കേറ്റ് കിടക്കുന്നു. ഡോക്ടർ പോയി അദ്ദേഹത്തെ ഒന്നു നോക്കൂ.' ഞാൻ വേഗം അടുത്ത റൂമിലേക്ക് പോയി, അവിടെ ഡ്രൈവറിന്റെ നാവിന് ആഴത്തിൽ മുറിവേറ്റ് ഏതാണ്ട് രണ്ടായി മുറിഞ്ഞ് കിടക്കുന്നതാണ് കണ്ടത്. നാവിലുണ്ടായ മുറിവ് തുന്നി കെട്ടി, അദ്ദേഹത്തിന്റെ ശരീരത്തിലുണ്ടായിരുന്ന മറ്റ് മുറിവുകളും ഡ്രസ് ചെയ്ത് തിരികെ എത്തുമ്പോഴേക്കും ഉമ്മൻചാണ്ടി സാറിനെ പന്തളം NSS ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി കഴിഞ്ഞിരുന്നു. ആ ആക്സിഡന്റിൽ അദ്ദേഹത്തിന്റെ കയ്യിലെ എല്ലിന് ഒടിവുണ്ടായിരുന്നു. അന്ന് Medical Trust ഹോസ്പിറ്റലിൽ X-ray എടുക്കാനുള്ള സൗകര്യമോ അസ്ഥിരോഗ വിദഗ്ദനോ ഒന്നും ഉണ്ടായിരുന്നില്ല. അതിനാൽ ഹോസ്പിറ്റൽ ഉടമ കൂടിയായ ഡോ. വിജയകുമാർ സാർ, അദ്ദേഹത്തിന്റെ കയ്യിൽ ഒരു Sling ഇട്ടതിനു ശേഷം വിഗദ്ധ ചികിത്സയ്ക്കായി റഫർ ചെയ്ത് അയച്ചത്. സ്വന്തം പരിക്കിനേക്കാൾ പ്രാധാന്യം കൊടുക്കേണ്ടത് ഡ്രൈവർക്കേറ്റ മുറിവാണെന്ന് ഉമ്മൻചാണ്ടി സാർ കരുതിയത് എന്നെ അദ്ഭുതപ്പെടുത്തി.

അദ്ദേഹത്തിന്റെ ചികിത്സ പിന്നീട് തിരുവനന്തപുരം മെഡിക്കൽ കോളജിൽ പൂർത്തീകരിച്ച ശേഷം ഒരു ദിവസം ഉമ്മൻചാണ്ടി സാർ ഞങ്ങളുടെ ഹോസ്പിറ്റലിലേക്ക് കടന്നുവന്നു. അദ്ദേഹം വിജയകുമാർ ഡോക്ടറെ കണ്ട് ഒരു കാര്യം ആവശ്യപ്പെട്ടത് ഞങ്ങളെയെല്ലാം അത്ഭുതപ്പെടുത്തി. അന്ന് അദ്ദേഹം അവിടേക്ക് വന്നത്, താൻ ഹോസ്പിറ്റലിൽ പരിക്കേറ്റ് വന്ന ദിവസം കൂടെ വന്നവർ ഹോസ്പിറ്റലിലെ Landline ഫോണിൽ നിന്നും കുറെയധികം കോളുകൾ വിളിച്ചിരുന്നു. ആ ഫോൺ ബില്ലുകൾ അടയ്ക്കാനുള്ള പണം ഏൽപിക്കാൻ വേണ്ടിയായിരുന്നു. ഒരു മന്ത്രിയായിരിക്കെ മറ്റുള്ളവരുടെ ഔദാര്യം സ്വീകരിക്കാൻ അദ്ദേഹം താൽപര്യപ്പെട്ടിരുന്നില്ല. സാറിന്റെ ആ ആവശ്യം വിജയകുമാർ സാർ സ്നേഹപൂർവ്വം നിരസിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു, ''ഈ ഫോൺ ബില്ലിന്റെ പേരിൽ ഞങ്ങൾ ഒരിക്കലും മന്ത്രിയെ ബുദ്ധിമുട്ടിക്കില്ല.'' ഉമ്മൻചാണ്ടി സാറിനെപ്പോലെ തന്നെ വളരെയധികം നന്മകളുള്ള ഒരു മഹത് വ്യക്തിയാണ് ഡോ. വിജയകുമാർ സാർ. ഇനിയും ഒരുപാട് കാര്യങ്ങൾ ഉമ്മൻ ചാണ്ടി സാറിനെ ഓർക്കുമ്പോൾ മനസ്സിലേക്ക് ഒഴുകിയെത്തുന്നുണ്ട്.

മറ്റുള്ളവർക്ക് മാതൃകയാക്കാവുന്ന ഒരുപാട് സ്വഭാവ സവിശേഷതകളുള്ള ഒരു നല്ല നേതാവിനെയാണ് ഉമ്മൻ ചാണ്ടി സാറിന്റെ വേർപാടിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

ഒറ്റമരത്തുരുത്ത്; വികസന പദ്ധതികൾക്കായി ഏതറ്റം വരെയും പോയ മുഖ്യമന്ത്രി

കൊച്ചി മെട്രോ പദ്ധതിയുടെ നടത്തിപ്പ് ഡൽഹി മെട്രോ റെയിൽ കോർപറേഷനെ ഏൽപിക്കണമെന്ന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ആഗ്രഹത്തിന് അന്നത്തെ ഡൽഹി മുഖ്യമന്ത്രി ഷീലാ ദീക്ഷിത് അനുകൂലമായിരുന്നില്ല. ഡൽഹി മെട്രോയുടെ തുടർ വികസനം വൈകുമോ എന്നതായിരുന്നു അവരുടെ ആശങ്ക. ഉടൻ ഉമ്മൻ ചാണ്ടി ഡൽഹിക്കു വിമാനം കയറി. ഷീലാ ദീക്ഷിതിന്റെ ഔദ്യോഗികവസതിയിലെ പ്രഭാത ഭക്ഷണത്തിനിടെ അവരുടെ മനസ്സുമാറ്റി. ഇ. ശ്രീധരനെ പദ്ധതിയേൽപിക്കുന്നതിൽ ഉടക്കിട്ട ഐഎഎസ് ഉദ്യോഗസ്ഥരെയും ഉമ്മൻചാണ്ടിയുടെ നയതന്ത്രം വരിഞ്ഞുകെട്ടി. നാടിനും ജനത്തിനും ഗുണകരമെന്നു ബോധ്യപ്പെട്ടാൽ വികസന പദ്ധതികൾക്കായി ഏതറ്റം വരെയും പോകുന്ന മുഖ്യമന്ത്രിയായിരുന്നു ഉമ്മൻചാണ്ടി. ഇത് ആർക്കെങ്കിലും ദോഷകരമെന്നു വന്നാൽ പിന്മാറുന്നതിന് ഒരു 'ഈഗോ'യും തടസ്സമായതുമില്ല.

മെട്രോ കാര്യങ്ങൾക്കായി മുഖ്യമന്ത്രിയുടെ ചേംബറിൽ ആദ്യ കൂടിക്കാഴ്ചയ്ക്കെത്തിയ ശ്രീധരനോട് എപ്പോൾ തുടങ്ങാൻ പറ്റും എന്നായിരുന്നു മുഖ്യമന്ത്രിയുടെ ചോദ്യം. 'ഇന്നലെത്തന്നെ തുടങ്ങേണ്ടതായിരുന്നു' എന്നു ശ്രീധരന്റെ മറുപടി. ഉമ്മൻചാണ്ടിയുടെ വേഗമറിയാവുന്ന മെട്രോമാൻ അങ്ങനെ ഒരു മറുപടി പറഞ്ഞതിൽ അദ്ഭുതമില്ലെന്ന് ഈ കൂടിക്കാഴ്ചയ്ക്കു സാക്ഷിയായിരുന്ന പ്രൈവറ്റ് സെക്രട്ടറി പി. എസ്. ശ്രീകുമാർ പറയുന്നു. കൊച്ചിക്കു മെട്രോ കൊടുത്തപ്പോൾ, കോഴിക്കോട്ടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ പ്രഖ്യാപിച്ചു വികസന സന്തുലിതാവസ്ഥയും ഉറപ്പാക്കി.

വിഴിഞ്ഞം രാജ്യാന്തര തുറമുഖം അദാനി പോർട്സിനെ ഏൽപിക്കുന്നതിൽ കെപിസിസി മുതൽ എഐസിസി വരെ എതിരായിരുന്ന സമയം. മുഖ്യമന്ത്രി ഉമ്മൻചാണ്ടി നേരെ ഡൽഹിക്കു തിരിച്ചു. പാർട്ടി പ്രസിഡന്റ് സോണിയ ഗാന്ധിയെയും പ്രധാനമന്ത്രി മൻമോഹൻ സിങ്ങിനെയും വീട്ടിലെത്തി കണ്ടു. ഇനിയും കാത്തിരുന്നാൽ കേരളത്തിനു പദ്ധതി തന്നെ ഇല്ലാതാകുമെന്ന ആശങ്ക പങ്കുവച്ചു. ഉമ്മൻ ചാണ്ടിയുടെ വാക്കുകളിലെ ആത്മാർഥത ഇരുനേതാക്കൾക്കും കണ്ടില്ലെന്നു നടിക്കാനായില്ല. പദ്ധതിക്കു പാർട്ടിയുടെയും കേന്ദ്രസർക്കാരിന്റെയും അനുമതി ലഭിച്ചു.

ദേശീയപാതാ വികസനത്തിനു വേണ്ടി നടത്തിയ പരിശ്രമം ചില സമരങ്ങളിൽ കുടുങ്ങിയപ്പോൾ വികസന വിഷയങ്ങളിൽ ഉമ്മൻ ചാണ്ടിയുടെ 'പ്ലാൻ ബി' കേരളം കണ്ടു. അതായിരുന്നു 50 ശതമാനം ചെലവ് സംസ്ഥാനം വഹിച്ചു കൊണ്ടു യാഥാർഥ്യമാക്കിയ കൊല്ലം, ആലപ്പുഴ, കോഴിക്കോട് ബൈപാസുകൾ. 'എന്തു വിലകൊടുത്തും' വികസനം നടപ്പാക്കുമെന്ന നിർബന്ധ ബുദ്ധിയുണ്ടായിരുന്നില്ല. സർക്കാരും ജനവും വലിയ വില കൊടുക്കേണ്ടിവരുമെന്നു കണ്ടപ്പോൾ അതിവേഗ റെയിൽ പദ്ധതി ഉപേക്ഷിച്ചത് അതുകൊണ്ടായിരുന്നു. ആറന്മുള വിമാനത്താവള പദ്ധതിക്കെതിരെ സമരം ചെയ്ത സുഗതകുമാരിയോട്, ആ പദ്ധതിയെക്കുറിച്ച് ആലോചിക്കേണ്ടിയിരുന്നില്ലെന്നു തുറന്നു സമ്മതിക്കാൻ മുഖ്യമന്ത്രിസ്ഥാനത്തിന്റെ ഭാരം ഉമ്മൻചാണ്ടിക്കു തടസ്സമായില്ല.

കണ്ണൂർ വിമാനത്താവളത്തിൽ ട്രയൽ റൺ നടത്തിയത് ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കെയാണ്. പൈപ്ലൈൻ വഴി ആദ്യമായി പാചകവാതകം നൽകിയതും അദ്ദേഹത്തിന്റെ കാലത്താണ്. നാളേയ്ക്കുള്ളതായിരുന്നു ഉമ്മൻ ചാണ്ടിയുടെ വികസന നയം. ഇന്നു കേരളം നേട്ടങ്ങളുടെ നെറുകയിൽ നിൽക്കുന്ന സ്റ്റാർട്ടപ്പ് എന്ന ആശയവും 'നാളേയ്ക്കുള്ള' അദ്ദേഹത്തിന്റെ സംഭാവനയായിരുന്നു.

വേഗറെയിലിനു പകരം ആലോചിച്ച സബർബൻ റെയിൽ നടപ്പാക്കാൻ കഴിയാതെ പോയതു വികസന വഴിയിൽ എന്നും ഒരു ദുഃഖമായി അദ്ദേഹം കൊണ്ടു നടന്നു. പ്രവാസികളുടെ യാത്രാനിരക്കു കുറയ്ക്കാൻ ആലോചിച്ച എയർ കേരള പദ്ധതി കേന്ദ്രനിയമത്തിൽ കുരുങ്ങിയതു മറ്റൊരു ദുഃഖം.

രണ്ടാം ഉമ്മൻചാണ്ടി മന്ത്രിസഭയുടെ ഒരു യോഗത്തിൽ കെ. എം. മാണിയും പി. കെ. കുഞ്ഞാലിക്കുട്ടിയും തമ്മിൽ ഒരു പ്രധാന വിഷയത്തിൽ രൂക്ഷമായ



വാദപ്രതിവാദം നടക്കുന്നു. രണ്ടുപേർ പറയുന്നതിലും കാര്യമുണ്ടെങ്കിലും ഒറ്റത്തീരുമാനത്തിലേക്ക് എത്താനാകുന്നില്ല. രണ്ടുവശത്തുമിരുന്നു മന്ത്രിമാർ വാദിക്കുമ്പോൾ ഒരുകെട്ടു നിവേദനങ്ങൾ എടുത്തുവച്ച് അതിൽ ധനസഹായം കുറിക്കുകയായിരുന്നു ഉമ്മൻ ചാണ്ടി.

കുഞ്ഞാലിക്കുട്ടി ഒരിക്കൽ എഴുതി: പരസ്പരം തർക്കിക്കുന്നവർക്കു രണ്ടു ചെവിയും കൊടുക്കും ഉമ്മൻ ചാണ്ടി. ബാക്കിയുള്ള കൈവച്ചു ഫയലുകളിൽ ഒപ്പിടും. വർത്തമാനം പറയും. ഇതിനിടയിൽ ആദ്യത്തെ തർക്കത്തിൽ തീരുമാനവുമെടുക്കും. ഏത് ഇന്ദ്രിയമാണ് ഉപയോഗിക്കുന്നതെന്നു അദ്ഭുതപ്പെട്ടിട്ടുണ്ട്. 'അപ്പോൾ അങ്ങനെ തീരുമാനിക്കാം' എന്നു പറയുമ്പോൾ 'എങ്ങനെ' എന്നു

പലവട്ടം തിരിച്ചുചോദിച്ചിട്ടുണ്ട്. ഒരു ചിരിയായിരിക്കും മറുപടി!

ഘടകകക്ഷികളെ മാത്രമല്ല, ഭരണം കൈകാര്യം ചെയ്യുന്നതിലുമുണ്ടായിരുന്നു തികഞ്ഞ കയ്യടക്കം. ഫുട്ബോൾ മൈതാനത്ത്, ഏതു കളിക്കാരനെ ഏതു സമയത്ത്, ഏതു പൊസിഷനിൽ ഇറക്കിവിടണമെന്നറിയാവുന്ന പരിശീലകനെപ്പോലെയായിരുന്നു അദ്ദേഹം. ഇറക്കി വിടുക മാത്രമല്ല, കൃത്യമായി കളിയുടെ ഗതി മാറ്റുകയും ചെയ്യും. പിന്നീട് ചീഫ് സെക്രട്ടറിയായി മാറിയ കെ. എം. ഏബ്രഹാമിനെ ധനകാര്യവകുപ്പിൽ നിയോഗിച്ചപ്പോൾ ഒരു പ്രധാന ഘടകകക്ഷി എതിർപ്പുന്നയിച്ചു. എന്നാൽ, അന്നത്തെ സിവിൽ സർവീസ് ടീമിൽ ഏബ്രഹാമിനോളം പറ്റിയ ഒരാൾ ധനകാര്യ വകുപ്പ് ഏൽപിക്കാൻ ഇല്ലെന്ന് ഉമ്മൻ ചാണ്ടി തിരിച്ചറിഞ്ഞു. ആ തീരുമാനം ഘടകകക്ഷിയെ പിണക്കാതെ സാധിച്ചെടുക്കുകയും ചെയ്തു.

അറബിക് സർവകലാശാലയ്ക്കു വേണ്ടി മുസ്‌ലിം ലീഗ് സമ്മർദം ശക്തമാക്കിയപ്പോൾ എന്തു തീരുമാനമെടുക്കുമെന്നറിയാതെ കോൺഗ്രസ് വിഷമിച്ചു. പഠിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയാണ് ഉമ്മൻ ചാണ്ടി ചെയ്തത്. പഠനം നടത്തിയ ചീഫ് സെക്രട്ടറി നൽകിയ നിർദേശം, എല്ലാ വിദേശ ഭാഷകളും പഠിപ്പിക്കുന്ന ഒരു സർവകലാശാല വേണമെന്നതായിരുന്നു. ഇതോടെ വിഷയം തൽക്കാലമടങ്ങി.

മുൻപിലെത്തുന്ന ഫയൽ കുത്തിയിരുന്നു പഠിക്കുന്ന രീതിയൊന്നും ഉമ്മൻ ചാണ്ടിക്കുണ്ടായിരുന്നില്ല. പക്ഷേ ഒറ്റ നോട്ടം മതി, അതു ഗുണമോ ദോഷമോ എന്നു കണ്ടെത്താൻ. അങ്ങനെയൊരു ആറാമിന്ദ്രിയം അദ്ദേഹത്തിനുണ്ടായിരുന്നെന്ന് ഒപ്പം പ്രവർത്തിച്ച ഉദ്യോഗസ്ഥർ പറയുന്നു.

ഉദ്യോഗസ്ഥർക്കിടയിൽ സ്വന്തമായി ഒരു കോർ ടീം ഒന്നുമുണ്ടാക്കിയിരുന്നില്ല. കേൾക്കുക എന്ന ഗുണം മാത്രമല്ല, എല്ലാവരെയും കേൾക്കുക എന്ന വലിയ ഗുണവും അദ്ദേഹത്തിനുണ്ടായിരുന്നു. നല്ലതെങ്കിൽ ഏത് ആശയവും എവിടെ നിന്നുമെടുക്കും. സിവിൽ സർവീസ് തലത്തിൽ അദ്ദേഹത്തിന് ഉപഗ്രഹങ്ങൾ ഇല്ലാതിരുന്നതു ഉദ്യോഗസ്ഥർക്കു നൽകിയ ധൈര്യം ചെറുതല്ല.

ഉദ്യോഗസ്ഥരെ ഒരു കാര്യത്തിലും ബലി കൊടുക്കാതിരിക്കാനുള്ള കരുതലും കാണിച്ചു. 2013-ൽ കണ്ണൂരിൽ വച്ചു കല്ലേറുകൊണ്ട സമയത്ത്, സ്വാഭാവികമായും സുരക്ഷാ വീഴ്ചയുടെ പേരിൽ മൂന്നോ നാലോ പൊലീസ് ഉദ്യോഗസ്ഥരുടെ തൊപ്പി തെറിക്കുമായിരുന്നു. എന്നാൽ ഒരുദ്യോഗസ്ഥനെതിരെ പോലും നടപടി പാടില്ലെന്ന് അദ്ദേഹം കർശന നിർദേശം നൽകിയതായി മുൻ ഡിജിപി എ. ഹേമചന്ദ്രൻ ഓർമിക്കുന്നു. മുല്ലപ്പെരിയാർ അണക്കെട്ടിനെച്ചൊല്ലിയുള്ള അന്തർസംസ്ഥാന കലഹം കേരളത്തിലും തമിഴ്നാട്ടിലും വൈകാരിക പ്രതികരണങ്ങളുണ്ടാക്കിയ സമയത്ത് തർക്കം തണുപ്പിക്കാൻ ഉമ്മൻചാണ്ടി നടത്തിയ അധ്വാനവും ഹേമചന്ദ്രൻ ഓർമിച്ചെടുക്കുന്നു.


സമരമോ പ്രതിഷേധമോ ഉണ്ടാകുമ്പോൾ അതു വഷളാകാൻ കാത്തിരിക്കാതെ അങ്ങോട്ടു കയറിച്ചെല്ലാനുള്ള ധൈര്യവും അദ്ദേഹം പുലർത്തി. വിഴിഞ്ഞം പദ്ധതിക്കെതിരെയുണ്ടായ പ്രതിഷേധം തണുപ്പിച്ചു പദ്ധതി തുടങ്ങിയത് അങ്ങനെയുള്ള ചില ഇടപെടലുകളായിരുന്നു.

മുട്ടിൻമേൽ വച്ചു ശുപാർശക്കത്തെഴുതുന്നുവെന്ന്, ഉമ്മൻ ചാണ്ടിയെ കളിയാക്കാനായി രാഷ്ട്രീയ എതിരാളികളും, അദ്ദേഹത്തിന്റെ വിശാല മനസ്കത സൂചിപ്പിക്കാനായി അനുയായികളും ഒരേപോലെ പറഞ്ഞു നടക്കുമായിരുന്നു. സഹായം ചോദിച്ചു മുൻപിലെത്തുന്നവർക്കായിരുന്നു ഏതു തിരക്കിനിടയിലും ആദ്യ പരിഗണന. മന്ത്രിസഭാ യോഗത്തിലേക്കു പോലും ഒരുകെട്ട് നിവേദനങ്ങളുമായി കയറിച്ചെല്ലുന്ന ഉമ്മൻചാണ്ടിയെയായിരുന്നു സഹപ്രവർത്തകർക്കു പരിചയം.

ഒരിക്കൽ ഒഡീഷയിൽനിന്നു കേരളത്തിലേക്കു വൈദ്യുതി എത്തിക്കാനുള്ള 50,000 കോടി രൂപയുടെ പദ്ധതി സംസാരിക്കാൻ ഒരു സംഘം നിക്ഷേപകർ മുഖ്യമന്ത്രിയെ കാണാൻ എത്തി. മുഖ്യമന്ത്രിയുടെ മുറിയിൽ ചെല്ലുമ്പോൾ അദ്ദേഹം കസേരയിൽ ഇല്ല.

നിവേദനങ്ങളുമായെത്തിയ കുറേപ്പേർക്കിടയിൽനിന്നു മുഖ്യമന്ത്രിയെ കണ്ടെത്താൻ സംഘം ഏറെ പണിപ്പെട്ടു. മുഖ്യമന്ത്രിക്കു മുൻപിൽ പദ്ധതി അവതരിപ്പിച്ചുകൊണ്ടിരിക്കേ, നിവേദകസംഘത്തിൽ നിന്ന് ഒരു സ്ത്രീ ഓടിയെത്തി. കോഴിഫാമിലെ കോഴികളെല്ലാം രോഗം വന്നു ചത്തുപോയെന്നും സഹായിക്കണമെന്നുമുള്ള അപേക്ഷ.

50,000 കോടിയുടെ പദ്ധതിയുമായി മുന്നിലിരിക്കുന്ന സംഘത്തോടു കാത്തിരിക്കാൻ പറഞ്ഞ്, ആ സ്ത്രീയുടെ നിവേദനത്തിൽ 50,000 രൂപ അനുവദിക്കാൻ എഴുതിക്കൊടുക്കുകയാണ് ഉമ്മൻചാണ്ടി ചെയ്തത്.!



വിമർശകർ പോലും ആരാധകരായി മാറിയ അദ്ഭുതം

ഫാ. ഡോ. സണ്ണി ചാക്കോ

അനേകരുടെ ജീവിതത്തിൽ മായാത്ത മുദ്രപതിപ്പിച്ച ആദരണീയനായ നേതാവും വിശിഷ്ട വ്യക്തിത്വത്തിന് ഉടമയുമായ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ വേർപാടിൽ ഹൃദയംഗമമായ അനുശോചനം രേഖപ്പെടുത്തുന്നു.

Chief Minister (മുഖ്യ ശുശ്രൂഷകൻ) എന്ന വാക്കിനെ അർത്ഥപൂർണ്ണമാക്കിയ അദ്ദേഹത്തിന്റെ ജീവിതശൈലി ആത്മീയവും, ലൗകികവുമായ എല്ലാ നേതാക്കൾക്കും മാതൃകയാക്കാവുന്നതാണ്. പൊതുപ്രവർത്തകൻ എന്ന നിലയിൽ, താൻ സേവിക്കുന്ന സമൂഹത്തിലും, സ്പർശിച്ച ആളുകളിലും അദ്ദേഹം ചെലുത്തിയ ആഴത്തിലുള്ള സ്വാധീനത്തെക്കുറിച്ച് എല്ലാവർക്കും ബോധ്യപ്പെട്ടിട്ടുണ്ടെങ്കിലും, അതുറക്കെ പറയുന്നത് അസാന്നിധ്യത്തിൽ ആണെന്ന് മാത്രം. പൊതുസേവനത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള അനുകമ്പയും, സാമൂഹിക നീതിക്കുവേണ്ടിയുള്ള അക്ഷീണമായ പരിശ്രമവും യഥാർത്ഥത്തിൽ മാതൃകാപരമായിരുന്നു. തന്റെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളിലൂടെയും സഹപൗരന്മാരുടെ ക്ഷേമത്തോടുള്ള ആത്മാർത്ഥമായ പ്രതിബദ്ധതയിലൂടെയും, നമുക്കെല്ലാവർക്കും പിന്തുടരാനുള്ള പ്രചോദനാത്മകമായ ഒരു മാതൃക അദ്ദേഹം സ്ഥാപിച്ചു. കർമ്മ വിശുദ്ധിയിലൂടെയും ജീവിത വിശുദ്ധിയിലൂടെയും അദ്ദേഹം ജന്മസാഫല്യം നേടി. വിമർശകർ പോലും ആരാധകരായി മാറിയ അത്ഭുതം തികച്ചും വിസ്മയം ഉളവാക്കുന്നു.

ഒരു സമൂഹമെന്ന നിലയിൽ നമുക്ക് ഒരു ശ്രദ്ധേയനായ നേതാവിനെ നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ അഭാവം എല്ലാവർക്കും ആഴത്തിൽ അനുഭവപ്പെടും. എന്നിരുന്നാലും, അദ്ദേഹത്തിന്റെ സംഭാവനകളും ഗുണപരമായ സ്വാധീനവും പ്രതിധ്വനിച്ചുകൊണ്ടേയിരിക്കും.

ഈ ദുഃഖവേളയിൽ അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി ഞാൻ പ്രാർത്ഥിക്കുന്നു. സ്നേഹത്തോടും അനുകമ്പയോടുംകൂടെ ദൈവം അനശ്വരതയുടെ ലോകത്ത് ആത്മാവിനെ ആശ്വസിപ്പിക്കട്ടെ! അദ്ദേഹത്തിന്റെ കുടുംബം, അവർ പങ്കുവെച്ച പ്രിയപ്പെട്ട ഓർമ്മകളിലും നിരവധി പേരുടെ ജീവിതത്തിൽ അദ്ദേഹം ചെലുത്തിയ സ്വാധീനത്തിലും ശക്തി കണ്ടെത്തട്ടെ! ബുദ്ധിയെ കവിയുന്ന ദിവ്യസമാധാനം ദൈവം അവർക്ക് നൽകട്ടെ!

ഈ ദുഷ്കരമായ സമയത്തെ അതിജീവിക്കാനുള്ള ശക്തി, കുടുംബാംഗങ്ങൾക്കും, ഈ നഷ്ടം ആത്മാർത്ഥമായി ബാധിച്ച എല്ലാവർക്കും ദൈവം നൽകട്ടെ!

19,078 ദിവസം എംഎൽഎ; ഉമ്മൻ ചാണ്ടിക്ക് സർവകാല റെക്കോർഡ്

വർഗീസ് ജോൺ തോട്ടപ്പുഴ

കേരളനിയമസഭയിൽ ഏറ്റവും കൂടുതൽ കാലം അംഗമായിരുന്നതിന്റെ റെക്കോർഡ് ഉമ്മൻ ചാണ്ടിക്കാണ്. അദ്ദേഹം മരണം (2023 ജൂലൈ 18) വരെ 19,078 ദിവസം (52 വർഷം 2 മാസം 25 ദിവസം) എംഎൽഎ ആയിരുന്നു. 2022 ഓഗസ്റ്റ് 2-നാണ് കെ. എം. മാണിയെ (18,728 ദിവസം / 51 വർഷം 3 മാസം 10 ദിവസം) മറികടന്ന് ഉമ്മൻചാണ്ടി ഈ ബഹുമതി കൈവരിച്ചത്. ഓരോ നിയമസഭയും രൂപീകരിച്ചതും പിരിച്ചുവിട്ടതുമായ തീയതികളെ അടിസ്ഥാന മാക്കിയുള്ള കണക്കാണിത്. പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ നിന്നു മാത്രം 1970 മുതൽ 2021 വരെ തുടർച്ചയായി 12 തവണ ഉമ്മൻ ചാണ്ടി വിജയിച്ചു. ഇതിലും കൂടുതൽ കാലം എംഎൽഎ ആയിരുന്നത് തമിഴ്നാട് മുൻ മുഖ്യമന്ത്രി എം. കരുണാനിധി (56 വർഷം, 13 തവണ) മാത്രമാണ്.

കേരളത്തിലെ ഒന്നാം പൊതുതിരഞ്ഞെടുപ്പു മുതലുള്ള 970 എംഎൽഎ മാരിൽ ഉമ്മൻചാണ്ടിയും കെ. എം. മാണിയും മാത്രമാണു നിയമസഭയിൽ 50 വർഷം പൂർത്തിയാക്കിയത്. കെ. ആർ. ഗൗരിയമ്മ (15544 ദിവസം), പി. ജെ. ജോസഫ് (2023 ജൂലൈ 18 വരെ 15422 ദിവസം), ബേബി ജോൺ (15184), സി. എഫ്. തോമസ് (14710) എന്നിവർ 40 വർഷത്തിലധികം എംഎൽഎ ആയവ രാണ്. ഗൗരിയമ്മയും ബേബി ജോണും 1330 ദിവസം തിരുകൊച്ചി നിയമസഭ യിലുമുണ്ടായിരുന്നത് ഉൾപ്പെടുത്തിയുള്ള കണക്കാണിത്.



മുഖ്യമന്ത്രിമാരിൽ 5ാം സ്ഥാനം

രണ്ടു തവണയായി 2459 ദിവസം (6 വർഷം 8 മാസം 25 ദിവസം) കേരള ത്തിന്റെ മുഖ്യമന്ത്രി ആയിരുന്നു. ആദ്യ തവണ 625 ദിവസവും (31.08.2004-18.05.2006) രണ്ടാം തവണ 1834 ദിവസവും (18.05.2011-25.05.2016) ആണ് മുഖ്യ മന്ത്രിയായിരുന്നത്. ആകെയുള്ള 12 മുഖ്യമന്ത്രിമാരിൽ ഉമ്മൻചാണ്ടിക്ക് 5-ാം സ്ഥാനമാണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മുഖ്യമന്ത്രിയായത് ഇ. കെ. നായനാ രാണ്. മൂന്നു തവണയായി 4009 ദിവസം. കെ. കരുണാകരൻ (നാലു തവണ; 3246 ദിവസം), സി. അച്യുതമേനോൻ (രണ്ടു തവണ; 2640 ദിവസം), പിണറായി വിജയൻ (രണ്ടു തവണ) എന്നിവർക്കാണ് അടുത്ത സ്ഥാനങ്ങൾ. തുടർച്ചയായി ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരിക്കുന്നത് പിണറായി വിജയൻ ആണ്.

മന്ത്രിസഭകളിൽ 2-ാം സ്ഥാനം

അടിയന്തിരാവസ്ഥകാലത്ത് ആയുസു നീട്ടിക്കിട്ടിയ രണ്ടാം അച്യുത മേനോൻ മന്ത്രിസഭ (1970 ഒക്ടോബർ 4-1977 മാർച്ച് 25; 2364 ദിവസം / 6 വർഷം 5 മാസം 21 ദിവസം) കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കാലം അധികാര ത്തിലിരുന്നത് രണ്ടാം ഉമ്മൻ ചാണ്ടി മന്ത്രിസഭയാണ്. 2011 മേയ് 18നു സത്യ പ്രതിജ്ഞ ചെയ്ത ഉമ്മൻചാണ്ടി മന്ത്രിസഭ 1829 ദിവസം പിന്നിട്ട് 2016 മേയ് 20-ന് രാജിവച്ചെങ്കിലും 25 വരെ കാവൽ മന്ത്രിസഭയായി തുടർന്നു. ആകെ 1834 ദിവസം (5 വർഷം 7 ദിവസം). അച്യുതാനന്ദൻ മന്ത്രിസഭയ്ക്കാണ് (2006 മേയ് 18-2011 മേയ് 18; 1826 ദിവസം) അടുത്ത സ്ഥാനം. 12 മുഖ്യമന്ത്രിമാരുടെ നേതൃത്വത്തിൽ ഇതുവരെ അധികാരത്തിൽ വന്ന 23 മന്ത്രിസഭകളിൽ ഈ മൂന്നു മന്ത്രിസഭകൾക്കു മാത്രമാണ് കൃത്യമായി 5 വർഷം പൂർത്തിയാക്കാൻ അവസരം ലഭിച്ചത്. ഇ. കെ. നായനാരുടെ മൂന്നാം (1996 മേയ് 20 2001 മേയ് 17) മന്ത്രിസഭയ് ക്കാണ് ഇക്കാര്യത്തിൽ നാലാം സ്ഥാനം (1823 ദിവസം).

മന്ത്രിമാരിൽ 10-ാം സ്ഥാനം

നാല് മന്ത്രിസഭകളിൽ 1731 ദിവസം (4 വർഷം 8 മാസം 27 ദിവസം) ഉമ്മൻ ചാണ്ടി അംഗമായിരുന്നു. ഒന്നാം കരുണാകരൻ മന്ത്രിസഭയിലും (11.04.1977-27.04.1977, 16 ദിവസം) ഒന്നാം ആന്റണി മന്ത്രിസഭയിലും (27.04.1977-29.10.1978, 550 ദിവസം) തൊഴിൽ മന്ത്രിയായിരുന്നു. രണ്ടാം കരുണാകരൻ മന്ത്രിസഭയിൽ (28.12.1981-17.03.1982, 79 ദിവസം) ആഭ്യന്തര മന്ത്രിയായും നാലാം കരുണാകരൻ മന്ത്രിസഭയിൽ ധനകാര്യ മന്ത്രിയായും (02.07.1991-22.06.1994, 1086 ദിവസം) പ്രവർത്തിച്ചു.

ഇതുവരെയുള്ള 227 മന്ത്രിമാരിൽ ഉമ്മൻചാണ്ടിയ്ക്ക് (4190 ദിവസം / 11 വർഷം 5 മാസം 21 ദിവസം) 10ാം സ്ഥാനമാണ്. മുഖ്യമന്ത്രി പദം ഉൾപ്പെടെയുള്ള കണക്കാണിത്. ഏറ്റവും കൂടുതൽ കാലം (8759 ദിവസം) മന്ത്രിയായിരുന്നതിന്റെ റെക്കോർഡ് കെ. എം. മാണിക്കാണ്. പി.ജെ. ജോസഫ് (6105), ബേബി ജോൺ (6061), കെ.ആർ. ഗൗരിയമ്മ (5824), കെ. കരുണാകരൻ (5254), കെ. അവുക്കാദർ കുട്ടി നഹ (5108), ടി.എം. ജേക്കബ് (5086), പി.കെ. കുഞ്ഞാലിക്കുട്ടി (4954), ആർ. ബാലകൃഷ്ണപിള്ള (4265) എന്നിവരാണ് മുമ്പിൽ.

പ്രതിപക്ഷ നേതാവും സഭാനേതാവും

12-ാം നിയമസഭയിൽ (25.05.2006-14.05.2011, 1815 ദിവസം) പ്രതിപക്ഷ നേതാവായി. ആകെയുള്ള 11 പ്രതിപക്ഷനേതാക്കളിൽ 5-ാം സ്ഥാനമുണ്ട്. വി. എസ്. അച്യുതാനന്ദൻ, ഇ.എം.എസ്. നമ്പൂതിരിപ്പാട്, കെ. കരുണാകരൻ, ഇ. കെ. നായനാർ എന്നിവരാണ് മുൻനിരയിൽ.

ഒരു തവണ നിയമസഭാനേതാവിന്റെ (29.06.1992-18.07.1992, 19 ദിവസം, 9-ാം നിയമസഭ) താൽക്കാലിക ചുമതല വഹിച്ചു. മുഖ്യമന്ത്രി കെ. കരുണാകരൻ കാറപകടത്തെ തുടർന്ന് ചികിത്സയിലായിരുന്ന കാലത്താണ് ധനമന്ത്രിയായി രുന്ന അദ്ദേഹം ഈ ചുമതല നിർവഹിച്ചത്. മുഖ്യമന്ത്രിയുമായുള്ള അഭിപ്രായ വ്യത്യാസങ്ങളെ തുടർന്ന് അദ്ദേഹം നേതൃസ്ഥാനം രാജിവയ്ക്കുകയായിരുന്നു.

ലേഖകന്റെ ഫോൺ നമ്പർ: 9446412907

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മനുഷ്യപ്പറ്റിന്റെ പര്യായം

ഡോ. വർഗീസ് പുന്നൂസ്

ഉമ്മൻ ചാണ്ടിയോട് എനിക്ക് വ്യക്തിപരമായി വലിയഅടുപ്പമൊന്നുമില്ല – പക്ഷെ മനുഷ്യപ്പറ്റ് എന്ന നാടൻ പ്രയോഗത്തിന്റെ പര്യായമായിരുന്നു ആ മനുഷ്യൻ.

യൂത്ത് കോൺഗ്രസ് നേതാവായി വാകത്താനത്തെ വീട്ടിലും അയൽപക്കത്തും ഒക്കെ മിന്നിമറഞ്ഞ ഒരു ബാല്യകാല ഹീറോ ആയിരുന്നു ഉമ്മൻ ചാണ്ടി. ''ഉമ്മൻചാണ്ടി സിന്ദാബാദ്'' വിളികൾ കളിക്കൂട്ടങ്ങളിലെ ജാഥാമുദ്രാവാക്യമായിരുന്നു.

പിന്നെ ഇടക്കാലത്തു പുതുപ്പള്ളിയിൽ പിരിഞ്ഞു നിന്ന് വാഴൂർ നിയോജക മണ്ഡലമായി മാറിയപ്പോൾ ആദ്യ വോട്ട് ഉമ്മൻ ചാണ്ടിക്ക് ചെയ്യാൻ പറ്റാതെ വന്നപ്പോൾ ഉണ്ടായ നിരാശ ചെറുതായിരുന്നില്ല.

കാലചക്രം തിരിഞ്ഞു വീണ്ടും പുതുപ്പള്ളി മണ്ഡലത്തിൽ അദ്ദേഹത്തിന്റെ വോട്ടർ ആയി. ഡിമെൻഷ്യ ബാധിച്ച വാകത്താനത്തെ അപ്പച്ചന്മാർക്കും അമ്മച്ചിമാർക്കും നഷ്ടപ്പെടാത്ത ഓർമ്മയും കർമവും "നമ്മുടെ കുഞ്ഞൂഞ്ഞിന്" വോട്ട് ചെയ്യണം എന്നതായിരുന്നു.

കോളിളക്കം സൃഷ്ടിച്ച കുഴിമറ്റത്തെ ജോളി വധക്കേസ്, സഭാ തർക്കം ഇവയൊക്കെ അദ്ദേഹത്തെ കാലാകാലങ്ങളിൽ ഇരു കക്ഷികളിലുംപെട്ട സഭാ മേലധ്യക്ഷന്മാരുടെ കോപത്തിനും നീരസത്തിനും പാത്രമാക്കിയിട്ടുണ്ട്. ഇലക്ഷനിൽ ഒക്കെ ഈ ഘടകങ്ങൾ പ്രതിഫലിച്ചിട്ടുമുണ്ട്. പക്ഷെ അത്തരം അപഹാരങ്ങളെയും ഗ്രഹണങ്ങളെയും ഒക്കെ നിഷ്പ്രഭമാക്കിയത് മനുഷ്യപ്പറ്റ് എന്ന ഗുണമായിരുന്നു.

ഉമ്മൻചാണ്ടി ദേഷ്യപ്പെടില്ല എന്ന് വ്യാപകമായ ധാരണയുണ്ട്. പക്ഷെ ഞാൻ നേരിട്ട് കണ്ടിട്ടുണ്ട് അദ്ദേഹത്തിന്റെ ദേഷ്യം. വാകത്താനത്ത് ഒരു ചെറിയ പരിപാടി കഴിഞ്ഞു കാറിൽ കയറാൻ ചെന്നപ്പോൾ അത് ഫുൾ. ഒരാളും ഇറങ്ങിക്കൊടുക്കാൻ തയ്യാറല്ല. സ്വന്തം വാഹനത്തിൽ കയറാൻ പറ്റാതെ സംസ്ഥാനത്തെ ധനകാര്യ മന്ത്രി വിഷണ്ണനായി നിൽക്കുന്നു. "എന്താ ഇത്... മനുഷ്യരെക്കൊണ്ട് പറയിപ്പിക്കാൻ" എന്ന് പിറുപിറുത്തു മുഖം കറുപ്പിച്ച ആ നിമിഷം. അതായിരുന്നു അദ്ദേഹത്തിന്റെ ദേഷ്യം!

1994–95 കാലഘട്ടം. ഉമ്മൻ ചാണ്ടി ധനകാര്യ മന്ത്രി. കോഴിക്കോട് കുതിരവട്ടം മെന്റൽ ഹോസ്പിറ്റൽ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഹാർട്ട് കിഡ്നി കാൻസർ രോഗങ്ങൾക്കൊന്നും കിട്ടുന്ന പരിഗണന മാനസിക രോഗത്തിനില്ലല്ലോ? ഒരു നിവേദനം ഉമ്മൻചാണ്ടിക്ക് കൊടുത്തുനോക്കാം എന്ന് ഒരു അഭിപ്രായം ആരോ പറഞ്ഞു. സർക്കാരിലേക്ക് അയയ്ക്കുന്ന അനേകം കടലാസുകളിലൊന്ന് എന്നേ കരുതിയുള്ളൂ. പക്ഷെ ദിവസങ്ങൾക്കുള്ളിൽ മറുപടി വന്നു. "ഫിനാൻസ് മിനിസ്റ്റർ ഈസ് വിസിറ്റിംഗ് മെന്റൽ ഹോസ്പിറ്റൽ". ഉയർന്ന ഉദ്യോഗസ്ഥരുമായി നല്ല ഹോംവർക് ചെയ്താണ് അദ്ദേഹം വന്നത്. "ക്വിക്ക് ആൻഡ് ഷാർപ്'' ആയി പ്രശ്നങ്ങളുടെ മർമ്മം അദ്ദേഹം മനസ്സിലാക്കി. പരിഹരിച്ചു . ശബ്ദവും സംഘടനാ ബലവും ഒന്നുമില്ലാത്ത മാനസികരോഗികൾ അദ്ദേഹത്തിന്റെ മുൻഗണനയിൽ ഉണ്ടായിരുന്നു .

ഒരു കോൺഫെറൻസിനു പോകാനായി ചെന്നൈ വിമാനത്താവളത്തിൽ എത്തി. ഫ്ളൈറ്റിൽ സംസ്ഥാന മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും ഉണ്ടായിരുന്നു. പ്രത്യേക വാഹനം എത്തി അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോകും എന്ന് കരുതി. പക്ഷെ എല്ലാവരും കയറിയ എയർപോർട്ട് ബസിൽ കയറി കമ്പിയിൽ തൂങ്ങി ടെർമിനലിലേക്കു യാത്ര ചെയ്യുന്ന കേരള മുഖ്യമന്ത്രി തമിഴ്നാട്ടുകാരെ അമ്പരിപ്പിച്ചു. ആ യാത്രയുടെ വീഡിയോ എടുക്കുവാൻ അവർ മത്സരിച്ചത് അഭിമാനത്തോടെ നോക്കി നിന്നു. "ഈസ് ഇറ്റ് യുവർ സിഎം? കാന്നോട്ട് റിയലി ബിലീവ് ഇറ്റ്" എന്ന് വീണ്ടും വീണ്ടും എന്റെ തമിഴ് ഡോക്ടർ സുഹൃത്ത് ചോദിച്ചുകൊണ്ടേ ഇരുന്നു.

2014 ജനുവരി. ദേഹാസ്വാസ്ഥ്യം മൂലം കോട്ടയം മെഡിക്കൽ കോളേജിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അഡ്മിറ്റ് ആകുന്നു. സംഭവം ഹൃദ്രോഗം എന്ന് രോഗനിർണയം ചെയ്യുന്നു. ആൻജിയോപ്ലാസ്റ്റി ആണ് ചികിത്സാവിധി എന്ന് ഡോ. വി. എൽ. ജയപ്രകാശിന്റെ നേതൃത്വത്തിലുള്ള ടീം അറിയിക്കുന്നു. മറ്റേതെങ്കിലും "ഉയർന്ന, കൂടുതൽ പ്രശസ്തമായ" ആശുപത്രിയിലേക്ക് മാറ്റാനുള്ള സമ്മർദ്ദം ഉന്നത കേന്ദ്രങ്ങളിൽ നിന്നും അടുപ്പക്കാരിൽ നിന്നും വളരെ ശക്തം. വളരെ ശാന്തനായി അദ്ദേഹം പറഞ്ഞു "എനിക്ക് ഈ ആശുപത്രിയെ വിശ്വാസമാണ്. എനിക്ക് ഇവിടുത്തെ ഡോക്ടർമാരെയും വിശ്വാസമാണ്. എന്നെ ഒരിടത്തും കൊണ്ടുപോകേണ്ട." ഉറച്ച തീരുമാനമായിരുന്നു അത്. പിന്നീട് എല്ലാം വളരെ സ്മൂത്ത് ആയി നടന്നു. ആ തീരുമാനം കോട്ടയം മെഡിക്കൽ കോളജിന് നൽകിയ ആത്മവിശ്വാസവും ഉത്തേജനവും അതുല്യമായിരുന്നു.

തന്നെയും തന്റെ കുടുംബത്തെയും അധിക്ഷേപിച്ച നീചന്മാരോട് അദ്ദേഹം എടുത്ത സമീപനം, തനിക്കെതിരെ വന്ന ആരോപണങ്ങളോട് അദ്ദേഹത്തിന്റെ പ്രതികരണം – ഇവ മാന്യതയുടെയും കുലീനതയുടെയും അദ്ഭുതപ്പെടുത്തുന്ന നിദർശനങ്ങൾ തന്നെ. പക്ഷെ അതിലുപരി വലിയ ഒരു ആത്മീയത ആണ് ഈ പ്രതികരണങ്ങൾക്ക് പിന്നിലുള്ള ചിന്തയും വികാരങ്ങളും എന്നതിൽ സംശയമില്ല. പുതുപ്പള്ളിയുടെ മധ്യസ്ഥനായ ഗീവർഗീസ് സഹദായും പാമ്പാടി തിരുമേനിയും ഒക്കെ ചേർന്ന് രൂപപ്പെടുത്തിയ പൗരസ്ത്യ ആത്മീയത. ആർദ്രതയും മനുഷ്യപ്പറ്റും ചേർന്ന ഈ ആത്മീയതയുടെ ആൾരൂപമായിരുന്നു ഉമ്മൻ ചാണ്ടി.



പിതൃഭാവം ഹൃദയത്തിലേറ്റിയ ചാണ്ടി ഉമ്മൻ

പുതുപ്പള്ളി: മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ മകൻ ചാണ്ടി ഉമ്മൻ മലയാളക്കരയെ വിസ്മയിപ്പിച്ചു. പിതൃഭാവം ഹൃദയത്തിൽ വഹിച്ചു ബാംഗ്ലൂർ മുതൽ പുതുപ്പള്ളി വരെ ഭൗതിക ശരീരത്തെ അനുഗമിച്ചു. ശാരീരിക ആവശ്യങ്ങൾ എല്ലാം തിരസ്കരിച്ച് പിതാവിനു വേണ്ടി തൊഴുകൈയ്യോടെ മലയാളകരയ്ക്ക് യാത്രമൊഴി പകർന്നു.

ഉമ്മൻചാണ്ടിക്ക് കാൻസർ രോഗം ഉണ്ടായാതു മുതൽ ഒരു നിഴൽപോലെ പിതാവിനൊപ്പം സാന്ത്വന പരിചരണം പകർന്ന ചാണ്ടി ഉമ്മൻ പുതുതലമുറയ്ക്ക് ഒരു മാതൃകയാണ്. വിലാപയാത്ര, സംസ്കാരം, നന്ദിപ്രകടനം എന്നിവയിൽ എല്ലാം ചാണ്ടി ഉമ്മൻ പുലർത്തിയ ധീരമായ ഭാവവും സമീപനവും സാക്ഷ്യവും ഹൃദ്യമായി അനുഭവപ്പെട്ടു. പുതുപ്പള്ളി പള്ളിയിൽ നന്ദി പറഞ്ഞപ്പോൾ ഉമ്മൻചാണ്ടിയെ 'പരിശുദ്ധൻ' എന്നാണ് മകൻ വിശേഷിപ്പിച്ചത്. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിലും അഭയപ്പെടുമെന്നും സാക്ഷിച്ചു. ഉമ്മൻ ചാണ്ടിയുടെ ഹൃദയ ഭാവം വാക്കിലും പ്രവൃത്തിയിലും ചാണ്ടി ഉമ്മൻ യാഥാർത്ഥ്യമാക്കി.



സോണിയാഗാന്ധി, കോൺഗ്രസ് പ്രസിഡണ്ട് മല്ലികാർജുൻ ഖർഗെ, രാഹുൽ ഗാന്ധി, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ഡി. കെ. ശിവ കുമാർ തുടങ്ങിയവർ ബാംഗ്ലൂരിൽ ഉമ്മൻ ചാണ്ടിക്ക് ആദരാഞ്ജലി അർപ്പിക്കുന്നു.





ഉമ്മൻ ചാണ്ടിക്കായി പുതുപ്പള്ളി പള്ളിയിൽ പ്രത്യേക കബറിടം

കോട്ടയം ∙ ഉമ്മൻ ചാണ്ടിക്കായി പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ പ്രത്യേക കബറിടം ഒരുങ്ങുന്നു. പള്ളിമുറ്റത്തു വൈദികരുടെ കബറിടത്തിനു സമീപത്തായാണ് ഉമ്മൻ ചാണ്ടിക്കായി കബറിടം തയാറാക്കുന്നത്.

പള്ളി സെമിത്തേരിയിൽ കരോട്ട് വള്ളക്കാലിൽ കുടുംബത്തിന്റെ കല്ലറയുണ്ടെങ്കിലും ഉമ്മൻ ചാണ്ടി മലങ്കര ഓർത്തഡോക്സ് സഭയ്ക്കും പുതുപ്പള്ളി പള്ളിക്കും നാടിനും നൽകിയ സേവനത്തിനും നല്ല നിമിഷങ്ങൾക്കുമുള്ള ആദരസൂചകമായാണു പ്രത്യേക കബറിടം ഒരുക്കാൻ തീരുമാനിച്ചതെന്നു വികാരി ഫാ. ഡോ. വർഗീസ് വർഗീസ് അറിയിച്ചു. ഉമ്മൻ ചാണ്ടിയുടെ വിയോഗവാർത്ത അറിഞ്ഞ് പള്ളിയിൽ അടിയന്തര കമ്മിറ്റി യോഗം ചേർന്നാണു തീരുമാനമെടുത്തത്.

പ്രിയപ്പെട്ട ഇടം, അന്ത്യവിശ്രമത്തിനും...

പുതുപ്പള്ളി ∙ സുഖത്തിലും ദുഃഖത്തിലും ആദ്യം അഭയം തേടിയെത്തുന്ന പ്രിയപ്പെട്ട ഇടം. ഒടുവിൽ അന്ത്യവിശ്രമത്തിനായി എത്തുന്നതും ഇവിടേക്കു തന്നെ.

പുതുപ്പള്ളിയെന്ന നാട് ഉമ്മൻ ചാണ്ടിയുടെ വികാരമായിരുന്നെങ്കിൽ പുതുപ്പള്ളി പള്ളി ഉൾപ്പെടെയുള്ള ആരാധനാലയങ്ങൾ എക്കാലവും ഉമ്മൻ ചാണ്ടിക്കു പ്രിയപ്പെട്ടവയായിരുന്നു. ലോകത്തെവിടെയാണെങ്കിലും ഞായറാഴ്ച പുലർച്ചെ പുതുപ്പള്ളി പള്ളിയിൽ കുർബാനയ്ക്ക് എത്തുന്നതായിരുന്നു ശീലം. ദേവാലയത്തിൽ എത്തുമ്പോൾ ഉമ്മൻ ചാണ്ടിക്കു മുഖ്യമന്ത്രിയുടെയോ എംഎൽഎയുടെയോ രാഷ്ട്രീയക്കാരന്റെയോ മേൽവിലാസം ഇല്ലായിരുന്നു.

തീർത്തും സാധാരണക്കാരൻ. പള്ളിയുടെ പിൻഭാഗത്തെയോ വശത്തെയോ വാതിലിനോടു ചേർന്നാണു നിന്നിരുന്നത്. പള്ളിയുടെ നടയിൽ ഉമ്മൻ ചാണ്ടി ഇരിക്കുന്ന ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിൽ പല തവണ പ്രചരിച്ചിരുന്നു. ജീവിതത്തിലെ നിർണായക ഘട്ടങ്ങളിലും തീരുമാനങ്ങൾ എടുക്കേണ്ട അവസരങ്ങളിലും പള്ളിയിലോ പള്ളിക്കു മുന്നിലെ കുരിശിൻചുവട്ടിലോ എത്തി പ്രാർഥിക്കുന്നതു പതിവായിരുന്നു.

വടക്കേ ഇന്ത്യയിലെ അപൂർവ ഇടപെടലിന്റെ ഓർമ്മയിൽ രാജസ്ഥാനിലെ ജ്യോതിസ്സ് ആശ്രമം

ഫീലിപ്പോസ് റമ്പാൻ
(മാനേജർ, ജ്യോതിസ്സ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

2019 ഫെബ്രുവരി മാസത്തെ ആ കറുത്ത ദിവസം ഓർത്തെടുക്കുകയാണ് ഞാൻ. മതപരിവർത്തനം നടത്തുന്നുവെന്ന വ്യാജ പരാതിയിൽ പെട്ടെന്നൊരു ദിവസം ചില ഉദ്യോഗസ്ഥർ ആശ്രമത്തിൽ എത്തുന്നു. ആശ്രമം പൂട്ടി സീൽ ചെയ്യാനാണെന്ന വിവരം അറിയിക്കുന്നു. ആശ്രമത്തിലെ എല്ലാവരേയും പുറത്താക്കി സീൽ ചെയ്യുന്നു. ആശ്രമത്തിലെ അന്തേവാസികൾ ഉൾപ്പെട്ട ചുരുക്കം ചിലർ മാത്രമായി ലോകം ചുരുങ്ങിയ നിമിഷങ്ങൾ. പരാതി വ്യാജമാണെന്നും അന്വേഷണം നടത്തിയാൽ അക്കാര്യം ബോധ്യപ്പെടുമെന്നും തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കണമെന്നും ആശ്രമം പൂട്ടി സീൽ ചെയ്യാൻ വന്ന അധികാരികളോട് നടത്തിയ അഭ്യർത്ഥനകൾ എല്ലാം വിഫലമായി. മതപരിവർത്തനം നടന്നിട്ടില്ല എന്നറിയുന്ന, ഇടപെടാൻ സാധിക്കുന്ന പലരും ഇടപെടാൻ മടിച്ച സാഹചര്യം. ആശ്രമത്തിനോട് ബന്ധപ്പെട്ട എല്ലാവർക്കും കടുത്ത നിരാശയുടെ ദിവസങ്ങളായിരുന്നു അത്. ആശ്രമത്തിനെതിരേ വിവിധ മാധ്യമങ്ങളിലും മറ്റും തെറ്റായ വാർത്തകളും പ്രചരിച്ചു തുടങ്ങിയിരുന്നു. 'മതപരിവർത്തനം' എന്ന ആരോപണത്തിൽ എങ്ങനെ ഇടപെടും എന്ന ചിന്തയായിരിക്കാം ആശ്രമത്തെ ബന്ധപ്പെട്ടിരുന്ന ഭൂരിഭാഗംപേരും ബന്ധപ്പെടാതെയുമായി. ആരേയും കുററപ്പെടുത്താനാകില്ല. അതായിരുന്നു സാഹചര്യം.

രാജസ്ഥാനിലെ കുയി വില്ലേജിന് സമീപം നിരക്ഷരരായ ആദിവാസി - ഗോത്ര മേഖലയിൽ അഹമ്മദാബാദ് ഭദ്രാസനാധിപനായിരുന്ന ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനിയാണ് ജ്യോതിസ്സ് ആശ്രമം സ്ഥാപിച്ചത്. വടക്കേ ഇന്ത്യ പോലുള്ള പ്രദേശത്ത് ന്യൂനപക്ഷങ്ങൾ പലതരത്തിൽ പീഡിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ, ആശ്രമം തുറന്ന് പ്രവർത്തിപ്പിക്കുക എന്ന അതീവ ദുഷ്ക്കരമായ ദൗത്യത്തിന് ആരെ സമീപിക്കും എന്ന ചിന്തയിൽ മുഴുകിയിരിക്കുമ്പോൾ എന്നോടൊപ്പം ആശ്രമ അംഗമായ ബ്രദർ ബെൻസൻ ടി. സജി, എന്റെ സുഹൃത്തായ നിതിൻ മണക്കാട്ടുമണ്ണിലുമായി ഈ വിഷയം സംസാരിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അന്നത്തെ ഓർത്തഡോക്സ് സഭയുടെ അസോസിയേഷൻ സെക്രട്ടറി ആയിരുന്ന അഡ്വ. ബിജു ഉമ്മൻ സാറുമായി ഈ വിഷയം ഞാൻ സംസാരിച്ചു.

അങ്ങനെ ബിജു ഉമ്മൻ സാർ മുഖാന്തിരം ആ വിഷയം ഉമ്മൻ ചാണ്ടി സാറുമായി സംസാരിക്കുകയും കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെടുത്തുകയും ചെയ്തു. ആ സമയം രാജസ്ഥാൻ മുഖ്യമന്ത്രിയായിരുന്ന അശോക് ഗെഹ്ലോട്ടുമായി ഉമ്മൻചാണ്ടി സാർ നേരിട്ട് ബന്ധപ്പെടുകയും അങ്ങനെ എനിക്ക് രാജസ്ഥാൻ മുഖ്യമന്ത്രിയുമായി കണ്ട് സംസാരിക്കാൻ അവസരം ലഭിക്കുകയും ചെയ്തു.

രാജസ്ഥാൻ മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ച നടക്കുമ്പോഴേക്കും പല ആഴ്ചകൾ പിന്നിട്ടിരുന്നു. ആശ്രമം ഇനി ഒരിക്കലും തുറന്ന് പ്രവർത്തിക്കരുതെന്ന് ആഗ്രഹിച്ചവർ അവരുടേതായ രീതിയിൽ ശ്രമങ്ങൾ നടത്തിയിരുന്നതുകൊണ്ട് സത്യാവസ്ഥ മുഖ്യമന്ത്രിയെ ബോധ്യപ്പെടുത്തുക എന്നത് അതീവ ശ്രമകരമായിക്കും എന്ന ബോധ്യത്തോടെ തന്നെയാണ് രാജസ്ഥാൻ മുഖ്യമന്ത്രിയെ കാണുവാൻ പോയത്.

ഉമ്മൻചാണ്ടി സാർ കൃത്യമായി കാര്യങ്ങൾ അശോക് ഗേഹ്ലോട്ടിനെ അറിയിച്ചിരുന്നതുകൊണ്ട് എനിക്ക് അധികം ബുദ്ധിമുട്ടില്ലാതെ തന്നെ കാര്യങ്ങൾ ധരിപ്പിക്കാനായി. ആശ്രമം തുറന്ന് പ്രവർത്തിക്കുന്നതിന് വേണ്ട എല്ലാ സഹായങ്ങളും രാജസ്ഥാൻ മുഖ്യമന്ത്രി ആ കൂടിക്കാഴ്ചയുടെ അവസാനം ഉറപ്പു നൽകി. ആ ഉറപ്പുകൾ എല്ലാം പാലിച്ചുകൊണ്ട് ആശ്രമം വീണ്ടും നീണ്ട 21 ദിവസങ്ങൾക്ക് ശേഷം പ്രവർത്തനം ആരംഭിച്ചു.

ഉമ്മൻ ചാണ്ടി സാർ അത്തരം ഒരു ഇടപെടൽ നടത്തിയില്ലായിരുന്നെങ്കിൽ ആശ്രമം തുറന്ന് പ്രവർത്തിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യം അല്ല എന്നാണ് ഞാൻ ഉൾപ്പെടെയുള്ള ആശ്രമത്തിലെ അംഗങ്ങൾ ഇന്നും വിശ്വസിക്കുന്നത്.

കേരളത്തിനകത്ത് ഉമ്മൻചാണ്ടിയെന്ന മനുഷ്യൻ ജനഹൃദയങ്ങളിൽ ജീവി



ക്കുന്നതെങ്ങനെയെന്ന് കേരളം കണ്ടു കൊണ്ടിരിക്കുകയാണ്. കേരളത്തിന് പുറത്തും ഉമ്മൻചാണ്ടിയെന്ന മനുഷ്യന് ഉണ്ടായിരുന്ന സ്വീകാര്യതയുടെയും അംഗീകാരത്തിന്റെയും മകുടോദാഹരണമായിരുന്നു ജ്യോതിസ്സ് ആശ്രമത്തിന് നേരിട്ട വിഷമ ഘട്ടത്തിൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാറിന്റെ ഇടപെടൽ എന്ന് നിസ്സംശയം പറയാം.

ഒരു മാസത്തിന് ശേഷം ഒരു ദിവസം എനിക്ക് ഒരു ഫോൺ കോൾ വന്നു, അത് ഉമ്മൻ ചാണ്ടി സാറിന്റെ മകൻ ചാണ്ടി ഉമ്മന്റെയായിരുന്നു.

'അപ്പായ്ക്ക് അച്ചനോട് ഒന്ന് സംസാരിക്കണം.'

എന്തു കൊണ്ടായിരിക്കും തന്നോട് സംസാരിക്കണമെന്ന് ഉമ്മൻചാണ്ടി സാർ പറഞ്ഞതെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല. ജിജ്ഞാസയോടെ നിൽക്കുമ്പോൾ ഫോണിന്റെ മറുതലക്കൽ നിന്നും ഉമ്മൻചാണ്ടി സാറിന്റെ ശബ്ദം.

'.... എന്തേ കാര്യങ്ങളൊക്കെ, പ്രശ്നങ്ങളൊക്കെ തീർന്നോ....'

അന്നുവരെ കേട്ടറിയുകയോ അനുഭവിച്ചറിയുകയോ ചെയ്തിട്ടില്ലാത്ത ആ അനുഭവം, സമാനതകളില്ലാത്ത ഉമ്മൻചാണ്ടിയെന്ന വലിയ മനുഷ്യന്റെ മനസ്സിലെ നന്മയെ ബോധ്യപ്പെടുത്തുന്നതായിരുന്നു. നിരവധി തിരക്കുകൾ ഉള്ള ഒരു മനുഷ്യൻ ഇക്കാര്യം ഓർത്ത് ഇങ്ങോട്ട് വിളിച്ച് അന്വേഷിച്ചു എന്നത് ഇന്നും ആശ്രമത്തെ സംബന്ധിച്ച് നിത്യ വിസ്മയമാണ്.

ആശ്രമത്തിന് നേരിട്ട വലിയ പ്രതിസന്ധിയിൽ ആദരണീയനായ ഉമ്മൻ ചാണ്ടി സാർ നൽകിയ സഹായങ്ങളും മാനസിക ധൈര്യവും ഒരിക്കലും എനിക്കോ, ആശ്രമ അംഗങ്ങൾക്കോ മറക്കുവാൻ സാധിക്കുകയില്ല. ആശ്രമത്തിന്റേതായിട്ടുള്ള എല്ലാ അനുശോചനങ്ങളും അർപ്പിക്കുന്നു. ദൈവം അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നൽകട്ടെയെന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.



കുന്നംകുളം അരമന സന്ദർശിച്ച ഉമ്മൻ ചാണ്ടിക്ക് പ. പൗലോസ് രണ്ടാമൻ ബാവായുടെ ഛായാചിത്രം ഡോ. ഗീവർഗീസ് മാർ യൂലിയോസ് സമ്മാനിക്കുന്നു.

വചനതീർത്ഥം

“മുപ്പതും അറുപതും നൂറും മേനി ഫലം പുറപ്പെടുവിക്കുക”

പെന്തിക്കോസ്തിക്കുശേഷം എട്ടാം ഞായർ
വി. മർക്കോസ് 4:1-20



ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)



തന്റെ പ്രബോധനങ്ങളിൽ നിന്ന് നല്ല വിളവ് ഉൽപാദിപ്പിക്കുവാൻ യേശു അനുയായികളെ ആഹ്വാനം ചെയ്യുന്നു. കേട്ട വചനങ്ങളെ പ്രവർത്തന പഥത്തിലാക്കണം. വിശ്വാസാചാരങ്ങൾ സംബന്ധിച്ചു സഭയുടെ പഠിപ്പിക്കലെല്ലാം കേട്ടാൽ മാത്രം പോരാ പ്രയോഗിച്ച് കാണിക്കണമെന്നാണ് വിശ്വാസികളോടു ഈ ഉപമയിലൂടെ നൽകുന്ന ആഹ്വാനം.

യേശുതമ്പുരാൻ തന്റെ പരസ്യശുശ്രൂഷ വേളയിൽ കടൽക്കരയിൽ വച്ച് അനേക പുരുഷാരം വന്നു കൂടിയപ്പോൾ പടകിൽ കയറി ഇരുന്ന് അവരോട് സംസാരിക്കുന്നു. യേശുതമ്പുരാന്റെ പ്രസംഗവും പഠിപ്പിക്കലും എപ്പോഴും ഉപമകളിലൂടെയായിരുന്നു. അത് സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ ആയിരുന്നു. തന്നെ കേൾക്കുന്നവർ ആരാണ് അവരുടെ സാഹചര്യം എന്താണ് എന്നു മനസ്സിലാക്കി അവരുമായി ബന്ധപ്പെട്ട വിഷയങ്ങളെ ഉപമകളായി പ്രസംഗത്തിൽ ഉപയോഗിച്ചിരുന്നു. സ്ത്രീകൾ കൂടുതൽ ഉള്ള സഭയിൽ അവരുമായി ബന്ധപ്പെട്ട കാര്യങ്ങൾ, കൃഷിക്കാർ ആണെങ്കിൽ അവരുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ ഉൾപ്പെടുത്തി തന്റെ ശ്രോതാക്കളെ ആകർഷിക്കുന്ന രീതിയിൽ ആയിരുന്നു യേശുതമ്പുരാന്റെ പഠിപ്പിക്കലുകളും പ്രസംഗങ്ങളും. ഈ വേദഭാഗത്ത് കൃഷിക്കാരുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച്, വിത്ത് വിതക്കുന്നതുമായി ബന്ധപ്പെട്ട കാര്യത്തെ ഉപമയിലൂടെ ദൈവരാജ്യത്തെക്കുറിച്ചും ദൈവചനത്തെക്കുറിച്ചും പഠിപ്പിക്കുന്നു.

പാലസ്തീനിൽ വിത്തുവിതക്കുന്നത് എന്നത് ഒരു സാധാരണ സംഗതിയായിരുന്നു. യേശുതമ്പുരാന്റെ ഉപമ ഇപ്രകാരമാണ്. വിതക്കാരൻ വിത്തു വിതറി. ചില വിത്തുകൾ വഴിയരികിൽ വീണു. അവയെ പക്ഷികൾ വന്നു ഉടനെ കൊത്തി എടുത്തു. ഇവിടെ കൃഷിക്കാരൻ അശ്രദ്ധയോടെ ജോലി ചെയ്തു എന്നു ചിന്തിക്കേണ്ട ആവശ്യമില്ല. പൊതുവേ പാലസ്തീനിൽ കൃഷിക്കാർ വിത്തു വിതച്ചതിനു ശേഷമാണ് വയൽ ഉഴുന്നത്. വഴിയരികിൽ വിത്തു വിതച്ചത് ഉഴുമ്പോൾ അവ മണ്ണിനടിയിലായിക്കൊള്ളുമെന്ന പ്രതീക്ഷയോടെയാണ്. ചില വിത്തുകൾ പാരപ്പുറത്തു വീണു. മറ്റു ചില വിത്തുകൾ മുൾച്ചെടികൾക്കിടയിലാണ് വീണത്. അവസാനമായി കുറെ വിത്തുകൾ നല്ല മണ്ണിലും പതിച്ചു. നല്ല നിലത്തു വീണ വിത്തുകൾ മാത്രമാണ് നല്ല വിളവ് നൽകിയത്. മറ്റുള്ളവ ഒക്കെ വളർന്നു എങ്കിലും നല്ല വേരില്ലായിരുന്നതിനാലും മറ്റു കുറവുകൾ ഉണ്ടായിരുന്നതിനാൽ നല്ല ഫലം പുറപ്പെടുവിക്കുവാൻ കഴിഞ്ഞില്ല. ഈ ഉപമക്കു പിന്നിൽ ആഴമേറിയ ഒരു ആധ്യാത്മിക പാഠം ഉണ്ടെന്നും വിശദാംശങ്ങളെപ്പറ്റി ചിന്തിക്കാൻ മനസ്സുള്ളവർക്കു മാത്രമേ അതു ഗ്രഹിക്കുവാൻ കഴിയുകയുള്ളൂ എന്നും അവസാനം നൽകുന്ന ഉപദേശത്തിൽ പറയുന്നു. ആളുകൾ ദൈവരാജ്യത്തിന്റെ മർമ്മം മനസ്സിലാക്കുകയില്ലെന്ന ധാരണയിൽ യേശു മനഃപൂർവ്വം ഉപമകളിൽ സംസാരിക്കുകയായിരുന്നു എന്നു ഒറ്റനോട്ടത്തിൽ തോന്നാം. പക്ഷേ നാം ശ്രദ്ധിച്ചു ഒന്നുകൂടി അപഗ്രഥിച്ചാൽ സങ്കീർണ്ണമായ ഈ പ്രസ്താവനയ്ക്കു ഒരു കാരണം ഉണ്ടെന്നു വ്യക്തമാകും.

ശിഷ്യന്മാർ അവർക്കു ലഭിച്ച അവസരത്തെയും അൽപ്പമായ അറിവിനെയും വേണ്ടരീതിയിൽ വിനിയോഗിച്ചതു കൊണ്ട് കൂടുതലായ അറിവിന് ശിഷ്യന്മാർ അർഹരായിത്തീർന്നു. മറ്റുള്ളവർ മനഃപൂർവ്വമായി അവിടുത്തെ ഉപദേശങ്ങളെ തിരസ്കരിച്ചതുകൊണ്ച് അനർഹന്മാരുമായി. അവർക്കും മനസ്സുണ്ടെങ്കിൽ സ്വീകരിക്കാമായിരുന്നു. മനസ്സോ ആഗ്രഹമോ ഒരുക്കമോ ഇല്ലാത്തവരിൽ നിന്ന് ദൈവീക സത്യങ്ങളെ മറക്കുവാനുള്ള ഒരു മറയും. എന്നാൽ പരമാർത്ഥികളും വിനീതരും ആയവരെ കൂടുതൽ കൂടുതലായി സത്യത്തിലേക്കു നയിക്കുവാനുള്ള ഒരു മാർഗ്ഗമായും ഇങ്ങനെ രണ്ടു ഉദ്ദേശങ്ങളോടുകൂടിയാണ് ഉപമകൾ പറയുന്നത്. തങ്ങളോടു സംസാരിക്കുന്നവയെ വേണ്ടരീതിയിൽ വിവേചിച്ച് പ്രയോജനപ്പെടുത്തുകയും അങ്ങനെ കൂടുതലായ അറിവിന് അർഹരായിതീരുകയും ചെയ്യുന്നതുകൊണ്ട് അവർ ധന്യരായി തീരുന്നു. മിശിഹായെ ജഡപ്രകാരം കാണുവാനും അവിടുത്തെ ഉപദേശങ്ങൾ ശ്രവിക്കുവാനും ദീർഘദർശിമാരും പുണ്യവാന്മാരും ആഗ്രഹിച്ചിട്ടു സാധിച്ചില്ല. കർത്താവിനെ ജഡികമായി കാണുക മാത്രമല്ല ദൈവരാജ്യരഹസ്യങ്ങൾ അറിയുന്നതും ഇവിടെ ഉദ്ദേശിക്കുന്നുണ്ടാവാം. പഴയനിയം ദീർഘദർശിമാരെക്കാൾ കൂടുതലായി ദൈവീക രഹസ്യങ്ങൾ അറിയുവാൻ ശിഷ്യന്മാർക്കു സാധിച്ചു.

ശിഷ്യന്മാരും മറ്റു ചിലരും യേശുതമ്പുരാൻ തനിച്ചിരിക്കുന്ന ഒരു സന്ദർഭത്തിൽ ഈ ഉപമയെക്കുറിച്ചു ചോദിക്കക്കന്നു. ഉപമകളെക്കുറിച്ച് കൂടുതൽ അറിയാനുള്ള അവരുടെ ആഗ്രഹം യേശുവിന്റെ പ്രബോധനം ഗ്രഹിക്കാനും യേശുവിനെ സ്വീകരിക്കുവാനുമുള്ള സന്നദ്ധതയാണ് ഇതിനെ കാണിക്കുന്നത്. അവരുടെ ഈ മനോഭാവത്തെ സ്വാഗതം ചെയ്തുകൊണ്ട് യേശു പറഞ്ഞു “നിങ്ങൾ അസുലഭ പദവി ലഭിച്ചവർ. നിങ്ങൾക്കാണ് ദൈവരാജ്യത്തിന്റെ രഹസ്യം വെളിപ്പെടുത്തി കിട്ടിയിരിക്കുന്നത്. രഹസ്യം (നിഗൂഢത) എന്ന പദം ദൈവത്തിന്റെ രക്ഷാപ്രവൃത്തിയുടെ നിഗൂഢലക്ഷ്യങ്ങൾ സൂചിപ്പിക്കാനാണ് ദാനിയേൽ (2:18, 19, 28) ഉപയോഗിക്കുന്നത്. ഈ അർത്ഥത്തിൽ തന്നെ വി. പൗലോസ് ശ്ലീഹായും ഉപയോഗിക്കുന്നു. (കൊലോസ്യർ 1:26, എഫേസ്യർ 3:3, 1 കോരി. 2:7) എന്നാൽ യേശുതമ്പുരാന്റെ ഉദ്ദേശ്യം ദൈവരാജ്യം സംബന്ധിച്ച് ആളുകൾക്ക് വേണ്ട വിജ്ഞാനം പകർന്ന് കൊടുത്ത് അന്തരബോധവൽക്കരിക്കുക എന്നതായിരുന്നു. ദൈവവചനത്തിനെതിരായി ഹൃദയങ്ങൾ കടുപ്പിച്ച മനുഷ്യരെ പുറത്തുള്ളവർ എന്നാണ് യേശു വിളിക്കുന്നത്. യേശുവിനെ ത്യജിച്ചവർ ഹൃദയവും മനസ്സും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനെതിരായി അടച്ചു കളഞ്ഞു. ദൈവനടത്തിപ്പിനു വാതിൽ കൊട്ടിയടച്ച് ആളുകളെ യെശയ്യാവു അഭിമുഖീകരിച്ചതു

പോലെ ഇവിടെയും തന്റെ വെളിപാടു ശ്രദ്ധിക്കാൻ വിസമ്മതിച്ച ഒരു കൂട്ടം ആളുകളെ യേശു നേരിടുന്നു. യേശുവിന്റെ വചനം കേൾക്കാനും അതനുസരിച്ചു പ്രവർത്തിക്കാനും വിസമ്മതിക്കുന്നവരുടെ ഗണത്തിൽ നിന്നു പുറത്തുവരാൻ വി. മർക്കോസ് തന്റെ അനുവാചകരെ വെല്ലുവിളിക്കുകയാണ്. തങ്ങളുടെ ജീവിതത്തിൽ സമർത്ഥമായി പ്രവർത്തിക്കുന്ന ദൈവാത്മാവിനു മനസ്സു തുറന്നിട്ടു, ദൈവവുമായി ആഴമേറിയ കൂട്ടായ്മ വളർത്തിയെടുക്കാൻ സുവിശേഷകർ ആവശ്യപ്പെടുന്നു.

ഈ ഉപമയിൽ വിതക്കാരൻ കർത്താവ്. വിത്ത് അവിടുന്നു പ്രസംഗിക്കുന്ന ദൈവരാജ്യസന്ദേശം നിലം മനുഷ്യ ഹൃദയങ്ങൾ. വിത്തു നല്ലതുതന്നെ. എന്നാൽ അതിന്റെ വളർച്ച വിതക്കപ്പെടുന്ന നിലത്തിന്റെ സ്ഥിതിയെ ആശ്രയിച്ചിരിക്കുന്നു. നല്ലതരം നിലങ്ങളെ, നാലുതരം മനോഭാവതതോടുകൂടിയ ആളുകളെ ഇവിടെ ചിത്രീകരിക്കുന്നു. ആദ്യത്തെ മൂന്നുതരത്തിലുള്ള നിലങ്ങളും, മനുഷ്യർ എപ്പോഴും നടന്നു ഉറപ്പിക്കുന്ന സ്ഥലവും കളഞ്ഞു. മണ്ണായമില്ലാത്ത സ്ഥലവും, മുൾച്ചെടികൾ വളർന്നു നിൽക്കുന്ന സ്ഥലവും, മുൾച്ചെടികൾ വളർന്നു നിൽക്കുന്ന സ്ഥലവും പ്രയത്നം കൊണ്ട് നല്ല നിലമാക്കി തീർക്കാവുന്നവയാണ്.

ചിലത് നൂറും ചിലത് അറുപതും ചിലത് മുപ്പതും മേനി വീതം ഫലം നൽകുന്നു. നല്ല നിലത്തു വീണതു തന്നെയും പലതരത്തിലാണ് ഫലം പുറപ്പെടുവിക്കുന്നത്. അതായത് നിലത്തിന്റെ പ്രാപ്തിപോലെ ഈ വ്യത്യാസം രണ്ടുതരത്തിലാകാം അതായത് 25:16-17-ൽ വിവരിക്കുന്ന ആദ്യത്തെ രണ്ടു ഭൃത്യന്മാരെപ്പോലെ രണ്ടുപേരും അവരവർക്ക് കിട്ടിയ സംഖ്യ വ്യത്യാസപ്പെട്ടിരുന്നതുകൊണ്ട് ഫലവും വ്യത്യാസപ്പെട്ടിരുന്നു. രണ്ടാമത് വി. ലൂക്കോസ് 19:16-19-ൽ വിവരിക്കുന്ന ആദ്യത്തെ രണ്ടു ഭൃത്യന്മാരെപ്പോലെ രണ്ടുപേർക്കും ഒരുപോലെതന്നെ കിട്ടിയെങ്കിലും ഒന്നാമൻ രണ്ടാമനെക്കാൾ ആദായം ഉണ്ടാക്കി.

യേശു ശിഷ്യന്മാരോടു ചോദിക്കുന്നു "ഈ ഉപമ നിങ്ങൾക്ക് മനസ്സിലായില്ലേ. വിതക്കാരൻ വിതച്ചതു ദൈവവചനമാണ്. ചിലർ ദൈവവചനം കേൾക്കുന്നു. ഉടൻതന്നെ സാത്താൻ വന്ന് അവരിൽ വിതക്കപ്പെട്ട വചനം എടുത്തു കളയുന്നു. അതുപോലെ ചിലർ വചനംമൂലം കഷ്ടതകളും പീഡനങ്ങളും നേരിടുമ്പോൾ അവർ വീണുപോകുന്നു. ഇതു പാറപ്പുറത്തു വീണ വിത്ത്. ചിലർ മുൾച്ചെടികൾക്കിടയിൽ വിതക്കപ്പെട്ട വിത്തുപോലെ വചനം കേൾക്കുമെങ്കിലും ലൗകിക വ്യഗ്രതകളും ധനാസക്തിയും മറ്റു ഈ ലോകമോഹങ്ങളും കടന്നുവന്ന് വചനത്തെ ഞെരുക്കുകയും തന്മൂലം അതു ഫലശൂന്യമാവുകയും ചെയ്യുന്നു. എന്നാൽ നല്ല മണ്ണിൽ വിതക്കപ്പെട്ടതോ വചനം കേട്ടു സ്വീകരിക്കുകയും മുപ്പതും, അറുപതും, നൂറും മേനി വിളവു നൽകുകയും ചെയ്യുന്നവരെയാണ്.

ഈ ഉപമയിലൂടെ ഒരു ക്രിസ്ത്യാനി ക്രിസ്തുവിന്റെ വചനത്തോട് എങ്ങനെ പ്രതികരിക്കുന്നു എന്നതിനെ ആധാരമാക്കി ആളുകളെ പല ഇനങ്ങളായി തിരിക്കുന്നു. ഒരു കൂട്ടരെ തങ്ങൾ വിശ്വസിച്ചതിനെ സാത്താൻ പെട്ടെന്നു വിശ്വാസത്തിൽ നിന്നു വഴിതെറ്റിക്കുന്നു. അടുത്ത കൂട്ടർ കുറെ സമയം പിടിച്ചു നിൽക്കുമെങ്കിലും പീഡനങ്ങൾക്കും ക്ലേശങ്ങൾക്കും വഴങ്ങി പരാജയപ്പെടുന്നു. മറ്റൊരു കൂട്ടരെ ലൗകിക വ്യഗ്രതകൾ വിശ്വാസത്തിൽനിന്നു വ്യതിചലിപ്പിക്കുന്നു. ഇവരിൽ നിന്നു വളരെ വ്യത്യസ്തരാണ് വളക്കൂറുള്ള മണ്ണുപോലെ ഹൃദയമുള്ളവർ. അവർ മുപ്പതും അറുപതും നൂറും മേനി വിളവു നൽകുന്നു. തന്റെ പ്രബോധനങ്ങളിൽ നിന്ന് നല്ല വിളവ് ഉൽപാദിപ്പിക്കുവാൻ യേശു അനുയായികളെ ആഹ്വാനം ചെയ്യുന്നു. കേട്ട വചനങ്ങളെ പ്രവർത്തന പഥത്തിലാക്കണം. വിശ്വാസാചാരങ്ങൾ സംബന്ധിച്ചു സഭയുടെ പഠിപ്പിക്കലെല്ലാം കേട്ടാൽ മാത്രം പോരാ പ്രയോഗിച്ച് കാണിക്കണമെന്നാണ് വിശ്വാസികളോടു ഈ ഉപമയിലൂടെ നൽകുന്ന ആഹ്വാനം.

❑



സ്മൃതിയോരം മ്യൂസിയം ഉദ്ഘാടനം ചെയ്തു

കുന്നംകുളം: സഭാ തേജസ്സ് പ. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെയും പ. ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയന്റെയും സംയുക്ത ഓർമ്മപ്പെരുന്നാളിനോടു ബന്ധിച്ച് കുന്നംകുളം ആർത്താറ്റ് സെന്റ് ഗ്രീഗോറിയോസ് അരമന ചാപ്പലിൽ സ്മൃതിയോരം മ്യൂസിയം ഉദ്ഘാടനം ചെയ്തു. പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവായുടെ ഓർമ്മകൾ അനുസ്മരിക്കുന്ന മുഹൂർത്തങ്ങൾ കോർത്തിണക്കിക്കൊണ്ടാണ് മ്യൂസിയം ക്രമീകരിച്ചിട്ടുള്ളത്.

മ്യൂസിയത്തിന്റെ ഉദ്ഘാടനം കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സാന്നിധ്യത്തിൽ ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്താ സഖറിയ മാർ സേവേറിയോസ് നിർവ്വഹിച്ചു. ഐസക് കോറെപ്പിസ്കോപ്പാ, രാജസ്ഥാനിലെ 'ജ്യോതിസ്സ്' ആശ്രമം മാനേജർ ഫീലിപ്പോസ് റമ്പാൻ ഭദ്രാസനത്തിലെ വൈദികർ ഭദ്രാസന കൗൺസിൽ അംഗങ്ങൾ സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.




സഭാ തേജസ്സ് പരിശുദ്ധ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെ 114-ാം ഓർമ്മപ്പെരുന്നാളും പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവായുടെ രണ്ടാം ഓർമ്മപ്പെരുന്നാളും സംയുക്തമായി കുന്നംകുളം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ അതിവിപുലമായി നടത്തപ്പെട്ടു. 2023 ജൂലൈ 16, 17 തീയതികളിലായി നടത്തപ്പെട്ട ഓർമ്മപ്പെരുന്നാളിന് ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ എന്നീ പിതാക്കൻമാർ മുഖ്യ കാർമ്മികത്വം വഹിച്ചു.

കോഴിക്കോട് വച്ച് നടന്ന സംസ്ഥാന തല സബ് ജൂനിയർ ത്രോബോൾ ടൂർണമെന്റിൽ "Promising Player of the Tournament' ആയി തിരഞ്ഞെടുക്കപ്പെട്ട ഏയ്ബൽ എബി. തേവനാൽ മാർ ബഹനാൻ ഓർത്തഡോക്സ് സുറിയാനി പള്ളി ഇടവകയിലെ കോതകുഴിയിൽ എബി തോമസിന്റെയും റാണി പോളിന്റെയും മകനാണ്. വെട്ടിക്കൽ സെന്റ് തോമസ് ദയറായിലെ മദ്ബഹാ ശുശ്രൂഷകനും എം. കെ. എം സൺഡേ സ്കൂൾ വിദ്യാർഥിയുമാണ്.



Church Calendar

"The Parable of Assuming the *Logos*"



(Eighth Sunday after the Pentecost)
Mark 4:1-20

Fr. Geevarghese Thomas

The entire creation carry some or the other way a distinctive characteristic which witnesses and reflects God's majesty as well as likeness. The trees giving fruits and shade for others are an example of Christ's selfless life. The order of sun, moon, stars and seasons facilitate the life on earth. The humankind created in God's image and likeness, has the privilege to exemplify the obedience as justified in the incarnation economy of Christ. And as we read - "For the creation waits with eager longing for the revealing of the children of God" (Romans 8:19). The manifestation of the "children of God" is in the effect of receiving the revelation of the *Logos* - The Incarnate Word of God. Jesus Christ teaches us to receive the Word through the parable of the sower. The farmer in the parable sets out to sow some seeds, which fell on four different places. Jesus explains the parables to his disciples and says, the farmer is sowing "the word". The Greek term used here for word is *LOGOS* (the theological term for Word of God which incarnated). So what are the challenges in assuming or accepting the Logos in our life?

Reflections

1. Become a part of the agricultural land.

Some seeds fell on path. A path is a public place used for quite many purposes like travel, trade and it symbolises heterogeneity. An agricultural land has only purpose of growing crops. So as to receive the Logos in our life, we need to be cautious of, and detached from the land or path of heterogeneity, and become a part of the agricultural land. We need to be a part of the land where we could grow our faith. This makes us to understand the significance of ecclesiology. Modernity, pandemic crisis and many other things are affecting our ecclesio-sacramental life. How am I preparing my life? To become a "path" of worldly heterogeneity or to be a part of "land" with enclosures of faith and sacraments? Where in the path of absence of these enclosures, the "birds" come up and snatch the good from us!

2. Become a ploughed land/soil.

Some seeds fell on rocky place. To plough the land means to humble ourselves and make ourselves meek to receive the Logos. It is when the core of our being softens, our spiritual values grow deep and we shine outwardly. With the advancing age, even relationships are built looking the mutual strata. And this mutuality in strata is creating a huge divide in the same household of God. What Jesus did was reversing the strata upside down! The Divine taking the form of human! So what are we mere human so boastful about? Our wealth? Our education? Our fame? No use! All this will fade in "the scorching heat". Scorching heat symbolises the trials we face in our life. Since we lack the space for roots (christian values) to grow deep, we give up when life hits us up with some trials. Our worldly strata won't help us in spiritual warfare or to endure the trials. Christ the Logos, the King, who was born in a cave, should be received in a ploughed land. Implies, we need to break hard or reverse our egos into a life of simplicity and meekness.


3. Eradicating the thorns.

A good land or soil should be free from thorns. Eradicating the thorns can be be understood in a dual aspect. First, a thorn is an obstruct and takes up the good portions from the soil. We need to realise the thorns of our life, as in, what are the things 'obstructing' us in our spiritual growth? What are the things which 'take up' our time and energy into negative growth? Secondly, the thorns give a 'painful' and stumbling experience to the good crops. We need to look into ourselves and around and realise if we have grown any thorns around or within us, which are giving painful and stumbling experience to our true image and others around us too. Our faith and Christian life should be pure and free from thorns. Implies, we should have pure conscience and be free from the satanic weapons which hinders the growth of the *Logos* in other's life as well. Eradicating such thorns facilitate the growth of *Logos* in us, and at the same time helps the Church to grow into a homogeneous and flourishing vineyard of the Lord.

Conclusion

The life in Christ through Holy Baptism is a privilege to grow in the revelation of the Word Incarnate God. It is how sincerely we assume the *Logos*, how effectively we grow in the *Logos* through humility and how purely we produce through the *Logos*, determine and destine us to manifest as children of God. So let us be a part of the agricultural land - leading an ecclesio-sacramental life with enclosures of apostolic faith and the sacraments! Let us plough our lives - being humble, making Christ to grow deep in us! Let us eradicate the thorns - by practicing pure conscience for the growth and flourishing of the fellowship in Christ! May God bless us all.

പുസ്തകം





ഉമ്മൻ ചാണ്ടിയുടെ ഭൗതികദേഹം മലങ്കരസഭയുടെ പാളയം സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിൽ. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസിന്റെയും വൈദികരുടെയും കാർമ്മികത്വത്തിൽ ശവസംസ്കാര ശുശ്രൂഷയുടെ രണ്ടാം ക്രമം പാളയം കത്തീഡ്രലിൽ നടത്തപ്പെട്ടു.



ഉമ്മൻ ചാണ്ടിയുടെ തിരുവനന്തപുരത്തെ 'പുതുപ്പള്ളി' ഭവനത്തിൽ തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസും കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർ ദീവന്നാസിയോസും എത്തി പ്രാർത്ഥനയും ആദരാഞ്ജലികളും അർപ്പിച്ചു.



ഉമ്മൻചാണ്ടിയുടെ ദേഹവിയോഗത്തിൽ ചെങ്ങന്നൂർ ബഥേൽ ജംഗ്ഷനിൽ നടത്തിയ ചെങ്ങന്നൂർ പൗരാവലിയുടെ അനുശോചന സമ്മേളനത്തിൽ ചെങ്ങന്നൂർ ഭദ്രാസനത്തിനു വേണ്ടി ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ അനുശോചനം അറിയിച്ചു.



ബാംഗ്ലൂർ ഭദ്രാസന മെത്രാപ്പോലീത്താ എബ്രഹാം മാർ സെറാഫിമിന്റെ പ്രധാന കാർമ്മികത്വത്തിൽ ഉമ്മൻ ചാണ്ടി ബാംഗ്ലൂരിൽ താമസിച്ച ഭവനത്തിൽ പ്രാർത്ഥനകൾ നടത്തി. ഉമ്മൻ ചാണ്ടിയുടെ മരണ സമയത്ത് ആശുപത്രിയിലും മെത്രാപ്പോലീത്തായും ഏതാനും വൈദികരും സന്നിഹിതരായിരുന്നു.



തിരുവനന്തപുരം ഭദ്രാസന ക്രൈസ്തവ യുവജനപ്രസ്ഥാനം വാർഷിക സമ്മേളനം വിശുദ്ധ മാർത്തോമ്മാ ശ്ലീഹയാൽ സ്ഥാപിതമായ തിരുവിതാംകോട് അരപ്പള്ളിയിൽ വച്ച് ജൂലൈ 16-ന് നടത്തപ്പെട്ടു. തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.



ഡബ്ളിൻ സെന്റ് തോമസ് ഓർത്ഡേക്സ് പള്ളിയിലെ പ്രധാന പെരുന്നാളായ തോമ്മാ ശ്ലീഹായുടെ ദുഖ്റോനോ പെരുന്നാൾ സന്ധ്യാനമസ്കാരം ഇടവക മെത്രാപോലിത്ത എബ്രഹാം മാർ സ്തേഫാനോസിന്റെ കാർമ്മികത്വത്തിൽ നടന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

'പിതൃസ്മൃതി' ജൂലൈ 29-നു പരുമലയിൽ

ഡോ. ശശി തരൂർ മുഖ്യപ്രഭാഷകൻ

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഥമ ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താ ഗോവയിൽ കബറടങ്ങിയിരിക്കുന്ന അൽവാരീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 100-ാം ഓർമ്മപ്പെരുന്നാളും, ബോംബെ-അങ്കമാലി ഭദ്രാസനാധിപനായിരുന്ന ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 25-ാം ഓർമ്മപ്പെരുന്നാളും ആചരിക്കുന്നതിനോടനുബന്ധിച്ച് ജൂലൈ 29 ശനിയാഴ്ച പരുമലയിൽ സംഘടിപ്പിച്ചിരിക്കുന്ന 'പിതൃസ്മൃതി' അനുസ്മരണ സമ്മേളനത്തിൽ ഡോ. ശശി തരൂർ മുഖ്യപ്രഭാഷണം നിർവഹിക്കും. പ. മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ ബോംബെ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗ്ഗീസ് മാർ കൂറിലോസ് അദ്ധ്യക്ഷത വഹിക്കും.

ബോംബെ, ബ്രഹ്മവാർ, അങ്കമാലി, അഹമ്മദാബാദ് ഭദ്രാസനങ്ങളുടെ സംയുക്താഭിമുഖ്യത്തിലും മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സഹകരണത്തിലും നടത്തപ്പെടുന്ന പിതൃസ്മൃതിയോടനുബന്ധിച്ച് ചിത്രരചന, ഉപന്യാസ രചന എന്നിവയുടെ മത്സരങ്ങളും ക്രമീകരിച്ചിട്ടുണ്ട്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ bombayaramana@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ജൂലൈ 15-നു മുമ്പ് കലാസൃഷ്ടികൾ അയയ്ക്കേണ്ടതാണ്.

പിതൃസ്മൃതിയുടെ വിജയകരമായ നടത്തിപ്പിനുള്ള ക്രമീകരണങ്ങൾക്ക് ഗീവർഗ്ഗീസ് മാർ കൂറിലോസ് (പ്രസിഡണ്ട്), യൂഹാനോൻ മാർ പോളിക്കർപ്പോസ്, യാക്കോബ് മാർ ഏലിയാസ്, ഡോ. ഏബ്രഹാം മാർ സെറാഫിം, ഡോ. ഗീവർഗ്ഗീസ് മാർ തെയോഫിലോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ നേതൃത്വത്തിൽ ഡോ. പോൾ മണലിൽ ജനറൽ കൺവീനറും മോനി കല്ലംപറമ്പിൽ ജോയിന്റ് ജനറൽ കൺവീനറും ഫാ. തോമസ് കെ. ചാക്കോ സെക്രട്ടറിയുമായി വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. കൺവീനർമാരായി ഫാ. ബിജു പി. തോമസ്, ഫാ. നോയൽ ലോയിസ് (ബ്രഹ്മവാർ), ഫാ. ജേക്കബ് കോശി (ബോംബെ), ഫാ. ജോർജ് വർഗീസ് (അഹമദ്ബാദ്), ഫാ. വിവേക് വർഗീസ് (എം.ജി.ഒ.സി.എസ്.എം.), എ. ജി. ബാബു, കെ. റ്റി. ഫിലിപ്പോസ്, ജോൺസൺ കാട്ടൂർ, ജോൺ മാത്യു എന്നിവർ പ്രവർത്തിച്ചു വരുന്നു.

സമ്മേളനത്തിൽ സംബന്ധിക്കുവാനാഗ്രഹിക്കുന്ന വൈദികർ, ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശത്തു നിന്നുമുള്ള വിശ്വാസികൾ എന്നിവർ 9539351952, 8281152642, 7356897274 എന്നീ വാട്ട്സ്ആപ്പ് നമ്പറുകളിൽ പേരുവിവരം ജൂലൈ 15-നു മുമ്പായി അറിയിക്കുന്നത് ക്രമീകരണങ്ങൾ ഭംഗിയാക്കുവാൻ സഹായകരമാകുമെന്ന് ഭാരവാഹികൾ അറിയിച്ചു.



സംയുക്ത ഓർമ്മപ്പെരുന്നാൾ സമാപിച്ചു

കുന്നംകുളം: 'സഭാ തേജസ്സ്' പരിശുദ്ധ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെ 114-ാം ഓർമ്മപ്പെരുന്നാളും പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ രണ്ടാം ഓർമ്മപ്പെരുന്നാളും സംയുക്തമായി കുന്നംകുളത്ത് , കുന്നംകുളം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ അതിവിപുലമായി നടത്തപ്പെട്ടു.

2023 ജൂലൈ 16, 17 തീയതികളിലായി നടത്തപ്പെട്ട ഓർമ്മപ്പെരുന്നാളിന് ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ, സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ എന്നീ പിതാക്കൻമാർ മുഖ്യ കാർമ്മികത്വം വഹിച്ചു.

കുന്നംകുളം ഭദ്രാസനത്തിലെ മുഴുവൻ പള്ളികളുടേയും ആഭിമുഖ്യത്തിൽ ഞായറാഴ്ച വൈകിട്ട് 5 മണിക്ക് വൈശ്ശേരി മാർ ഗ്രീഗോറിയോസ് പള്ളിയിൽ നിന്നും അഭി.ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അനുഗ്രഹിച്ച് ആശീർവദിച്ച പദയാത്ര ആരംഭിക്കുകയും വിവിധ അങ്ങാടികളിലൂടെ അരമന ചാപ്പലിൽ എത്തിച്ചേരുകയും ചെയ്തു. പദയാത്രികരെ മെത്രാപ്പോലീത്താമാർ ചേർന്ന് അരമന കവാടത്തിൽ സ്വീകരിച്ചു.

തുടർന്ന് സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ അനുസ്മരണം നടത്തി. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണാർത്ഥം 'സ്മൃതിയോരം' എന്ന പേരിൽ ഒരു മ്യൂസിയം സഖറിയാ മാർ സേവേറിയോസ് മെത്രാപോലീത്താ ഉദ്ഘാടനം ചെയ്തു.

17-ന് തിങ്കളാഴ്ച സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ വി. കുർബാനക്ക് പ്രധാന കാർമ്മികത്വം വഹിച്ചു. ഫാ. ഡോ. ബേബി വർഗ്ഗീസ് അനുസ്മരണം നടത്തി. പ്രദക്ഷിണം ശ്ലൈഹിക വാഴ്വ്, സ്നേഹവിരുന്ന് എന്നിവയും ഉണ്ടായിരുന്നു.

കുന്നംകുളം ഭദ്രാസനത്തിലെ കോറെപ്പിസ്കോപ്പാമാർ ,വന്ദ്യ വൈദികർ, രാജസ്ഥാനിലെ 'ജ്യോതിസ്സ് ' ആശ്രമം മാനേജർ ഫീലിപ്പോസ് റമ്പാൻ, കന്യാസ്ത്രീകൾ, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ആത്മീയ സംഘടനാ ഭാരവാഹികൾ ഉൾപ്പെടെ നിരവധി പേർ ചടങ്ങുകളിൽ പങ്കെടുത്തു.



കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് പളളിയിൽ മോർ കുറിയാക്കോസ് സഹദായുടെയും മാതാവ് മൊർത്ത് യൂലിത്തിയുടെയും ഓർമ്മപ്പെരുന്നാളിന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവാ പ്രധാന കാർമ്മികത്വം വഹിച്ചു.



മണിപ്പൂരിലെ ക്രൈസ്തവർക്കെതിരെ നടക്കുന്ന അക്രമങ്ങളിൽ പ്രതിഷേധിച്ച് തിരുവനന്തപുരം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ പ്രതിഷേധ ജ്വാല ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തെളിയിച്ചു യുവജനങ്ങൾക്ക് പകർന്നു നൽകി. മണിപ്പൂരിൽ പീഡ അനുഭവിയ്ക്കുന്നവർക്കു വേണ്ടി പ്രത്യേക പ്രാർത്ഥനയും നടത്തി.



പ. പരുമല തിരുമേനിയുടെ നാമത്തിലുള്ള തീർത്ഥാടനകേന്ദ്രമായി മെൽബൺ സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ദൈവാലയത്തെ പരിശുദ്ധ കാതോലിക്കാ ബാവ ഉയർത്തി. മലങ്കര സഭയുടെ ഈസ്റ്റ് – ഏഷ്യാ റീജനിലെ പ്രഥമ തീർത്ഥാടനകേന്ദ്രവും പ. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ച ദൈവാലയവുമാണ് ഇത്. പരിശുദ്ധ കാതോലിക്കാ ബാവായുടെ കല്പന വികാരി വായിച്ചു.



ചാത്തമറ്റം കർമ്മേൽ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് ദൈവാലയത്തിന്റെ പ്രധാന കട്ടിളവെയ്പ്പ് കർമ്മം അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളികർപ്പോസ് നിർവഹിച്ചു.

ഫാ. സജി എബ്രഹാം ഡൽഹി ഭദ്രാസന സെക്രട്ടറി



ന്യൂഡൽഹി: ഓർത്തഡോക്സ് സഭ ഡൽഹി ഭ്രദാസന സെക്രട്ടറിയായി ഫാ. സജി ഏബ്രഹാമിനെ നിയമിച്ചു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിമെത്രിയോസിന്റെ നേതൃത്വത്തിൽ ചേർന്ന ഭദ്രാസന അസംബ്ലിയിലാണു തീരുമാനം. ഗാസിയാബാദ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക വികാരിയും ഇന്ദിരാപുരം സെന്റ് തോമസ്, സാഹിബാബാദ് സെന്റ് തോമസ്, ലോണി സെന്റ് തോമസ് സ്കൂളുകളുടെ ചെയർമാനുമാണ്. ഡൽഹി ഭദ്രാസന കൗൺസിൽ അംഗവുമാണ്. തുമ്പമൺ ഭ്രദാസനത്തിലെ കുരിലയ്യം സെന്റ് ജോൺസ് ഓർത്തഡോക്സ് ഇടവകാംഗമാണ്. 22 വർഷമായി ഡൽഹി ഭദ്രാസനത്തിലെ വിവിധ ദൈവാലയങ്ങളുടെ വികാരിയാണ്.



പുതുക്കി പണിത പാമ്പാടി തിരുമേനിയുടെയും പാറേട്ട് മാത്യൂസ് മാർ ഈവാനിയോസിന്റെയും കബറിടങ്ങൾ.